VOL NO: 10 I ISSUE 30

# നേർപഥം വാരിക

www.nerpatham.com I mail@nerpatham.com
2026 JULY 25 I ₹10



# സ്വൂഫിസം: ആത്മീയതയോ തത്ത്വചിന്തയോ?

ഇസ്‌ലാമിക ചരിത്രത്തിന് തങ്ങളുടെതായ ആന്തരിക വ്യാഖ്യാനങ്ങളും ബാഹ്യാർഥങ്ങൾക്ക് പിന്നിൽ ഒളിപ്പിച്ചുവെച്ച രഹസ്യഭാഷയുമായി പ്രത്യക്ഷപ്പെട്ട നിഗൂഢ വിഭാഗമാണ് സ്വൂഫികൾ. ഗ്രീക്ക് തത്ത്വചിന്തകളോടും ജ്ഞാനവാദത്തോടും സദൃശ്യപ്പെട്ട്, ലളിതമായ ഭൗതികവിരക്തിയിൽനിന്ന് തുടങ്ങി വിവിധ ബാഹ്യസംസ്‌കാരങ്ങളാൽ സ്വാധീനിക്കപ്പെട്ട് മതരംഗത്ത് പരസ്പരവിരുദ്ധമായ നിർവചനങ്ങളുള്ള സമാന്തര പാതയായി പരിണമിച്ച സ്വൂഫിസത്തിന്റെ ചരിത്രം, മതരംഗത്തെ ചതിയുടെ വർത്തമാനം കൂടിയാണ്.

## കുട്ടികളിലെ പഠനവൈകല്യങ്ങൾ എങ്ങനെ തിരിച്ചറിയാം?

## ഇന്ത്യയുടെ മഹത്തായ സാംസ്‌കാരിക പൈതൃകത്തിന് മേലുള്ള കടന്നുകയറ്റം

## സ്വഫർ മാസവും വിശ്വാസികളും

മുഹമ്മദ് ഫയാസ് നാദാപുരം ● ഡോ. ഫായിസ പിപി ● ശബീബ് സ്വലാഹി




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

496

# നേർപഥം വാരിക

2026 ജൂലൈ 25
1448 സ്വഫർ 11
പുസ്തകം 10 / ലക്കം 30

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**







മുഹമ്മദ് ഫയാസ്, നാദാപുരം

ഇസ്‌ലാമിക ചരിത്രത്തിന് തങ്ങളുടെതായ ആന്തരിക വ്യാഖ്യാനങ്ങളും ബാഹ്യാർഥങ്ങൾക്ക് പിന്നിൽ ഒളിപ്പിച്ചുവെച്ച രഹസ്യഭാഷയുമായി പ്രത്യക്ഷപ്പെട്ട നിഗൂഢ വിഭാഗമാണ് സ്വൂഫികൾ. ഗ്രീക്ക് തത്ത്വചിന്തകളോടും ജ്ഞാനവാദത്തോടും സദൃശ്യപ്പെട്ട്, ലളിതമായ ഭൗതിക വിരക്തിയിൽ നിന്ന് തുടങ്ങി വിവിധ ബാഹ്യ സംസ്‌കാരങ്ങളാൽ സ്വാധീനിക്കപ്പെട്ട മതരംഗത്ത് പരസ്പരവിരുദ്ധമായ നിർവചനങ്ങളുള്ളസമാന്തര പാതയായി പരിണമിച്ച സ്വൂഫിസത്തിന്റെ ചരിത്രം, മതരംഗത്തെ ചതിയുടെ വർത്തമാനം കൂടിയാണ്.


**05** മുഖമൊഴി
അനീതിക്കെതിരെ നിലകൊള്ളുക

**06** ലേഖനം
ഇന്ത്യയുടെ മഹത്തായ സാംസ്‌കാരിക പൈതൃകത്തിന് മേലുള്ള കടന്നുകയറ്റം
ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു
വിവ: ഇ. യുസുഫ് സാഹിബ് നദ്‌വി

**08** പഠനം
സ്വഫർ മാസവും വിശ്വാസികളും
ശബീബ് സ്വലാഹി

**18** ലേഖനം
യു.ഡി.എഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും
സി മുഹമ്മദ് അജ്മൽ

**22** ആരോഗ്യപഥം
കുട്ടികളിലെ പഠനവൈകല്യങ്ങൾ എങ്ങനെ തിരിച്ചറിയാം?
ഡോ. ഫായിസ പിപി

**24** ലേഖനം
ഖവാരിജുകളുമായുള്ള സംവാദം
ശമീർ മദീനി

**26** ലേഖനം
മൂന്നു പതിറ്റാണ്ട് പിന്നിടുന്ന 'പ്രൊഫ്കോൺ'
മുഹമ്മദ് ഷമീൽ ടി

**29** ലേഖനം
പ്രപഞ്ച സ്രഷ്ടാവ്; കരുണാവാരിധി
നസീമ വാടാനപ്പള്ളി

**32** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കാഴ്ച
ആംബുലൻസ് ഡ്രൈവറാകാൻ മോഹം
ഇബ്നു അലി, എടത്തനാട്ടുകര



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിദ്യാർഥികളുടെ കലാസാഹിത്യ അഭിരുചികളെ പ്രോൽസാഹിപ്പിക്കുക: മന്ത്രി എൻ. ഷംസുദ്ദീൻ

**എടത്തനാട്ടുകര ദാറുൽ ക്വുർആനിൽ മന്ത്രിക്ക് സ്വീകരണവും അൽഹിക്മ അറബിക് കോളേജ് യൂണിയൻ ഉദ്ഘാടനവും**

എടത്തനാട്ടുകര: വിദ്യാർഥികളുടെ കലാസാഹിത്യ അഭിരുചികളെ പ്രോൽസാഹിപ്പിക്കുക എന്നതാണ് സ്റ്റുഡന്റ്സ് യൂനിയന്റെ പ്രധാന ഉത്തരവാദിത്തമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി അഡ്വ. എൻ. ഷംസുദ്ദീൻ പ്രസ്താവിച്ചു. എടത്തനാട്ടുകര ദാറുൽ ക്വുർആൻ അൽഹിക്മ അറബിക് കോളേജ് വിസ്ഡം സ്റ്റുഡന്റ്സ് യൂണിയൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് വിദ്യാർഥികളെ നയിക്കാൻ യൂണിയന് കഴിയണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വി. ഷൗക്കത്തലി അൻസാരി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം റഷീദ് ആലായൻ, അലനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹബീബുല്ല അൻസാരി എന്നിവർ മുഖ്യാതിഥികളായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അഷ്‌റഫ് ഫൈൻ ആർട്സ് ഉദ്ഘാടനം ചെയ്തു.

ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ജമീല നാസർ, നിജാസ് ഒതുക്കും പുറത്ത്, വിസ്ഡം ജില്ലാ പ്രസിഡന്റ് പി. ഹംസക്കുട്ടി സലഫി, ജില്ലാ സെക്രട്ടറി റഷീദ് കൊടക്കാട്ട്, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സെക്രട്ടറി റിഷാദ് അൽഹികമി, വിസ്ഡം യൂത്ത് ജില്ലാ സെക്രട്ടറി കെ.പി. ഉണ്ണീൻ ബാപ്പു, വിസ്ഡം ജില്ലാ വൈസ് പ്രസിഡന്റ് അബ്ദുൽ ഹമീദ് ഇരിങ്ങൽത്തൊടി, നേർപഥം വാരിക എഡിറ്റർ ഉസ്മാൻ പാലക്കാഴി, അൽഹിക്മ അറബിക് കോളേജ് ഡയറക്ടർ ഒ. മുഹമ്മദ് അൻവർ, കോളേജ് വൈസ് പ്രിൻസിപ്പൽ ശഫീഖ് അൽഹികമി, അൽഹിക്മ കോളേജ് സ്റ്റുഡന്റ്സ് യൂണിയൻ സെക്രട്ടറി റബീഹ് കണ്ണൂർ, സാദിഖ് ബിൻ സലീം, ഹംസ മാടശ്ശേരി എന്നിവർ പ്രസംഗിച്ചു.

അറബിക് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ എം. സുൽഫീകർ സ്വലാഹി, ടി. ശാജി സ്വലാഹി, ദാറുൽ ക്വുർആൻ ഹിഫ്ദ് കോളേജിൽനിന്നും എൽ.പി. വിഭാഗം സി.എം. കിഡ്സ് സ്കോളർഷിപ്പ് നേടിയ കെ. ഇമ്രാൻ, ടി. ഡാനിഷ്, വിവിധ മേഖലകളിലെ പ്രതിഭകളായ ഇഷ്‌വ ഐറിൻ, റാസിൻ അബുമുഹമ്മദ്, ശഹീൻ ബിൻ സൈതലവി, എസ്.സിദ്റ നശ്‌വി എന്നിവർക്ക് ചടങ്ങിൽ ഉപഹാരങ്ങൾ നൽകി. കോളേജ് മാഗസിൻ 'മദദുൽ ഹിക്മ'യുടെ പ്രകാശനവും നടന്നു. ■

# ലജ്നതുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ: സംസ്ഥാന എക്സിക്യൂട്ടീവ് ക്യാമ്പ് സമാപിച്ചു

കോഴിക്കോട്: സമകാലിക സാഹചര്യത്തിൽ ശരിയും തെറ്റും വേർതിരിച്ചറിയുകയും അത് ജനങ്ങളി ലേക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുക എന്നത് ഏറെ ശ്രമകരമായ ഒരു കാര്യമായി മാറിയിരിക്കുകയാണ്. ഈ ഉത്തരവാദിത്തം പ്രാമാണികമായി, തികഞ്ഞ ദീർഘവീക്ഷണത്തോടെയും ഫലപ്രദമായും സമയബന്ധിതമായും നിർവഹിക്കുന്ന പണ്ഡിത സഭകൾക്ക് മാത്രമെ ഇനി സമൂഹത്തിൽ പ്രസക്തിയുള്ളൂ. ഈയൊരു ലക്ഷ്യത്തെ മുൻനിർത്തി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പണ്ഡിതസഭയായ 'ലജ്നത്തുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ'യുടെ പുനഃസംഘടനയ്ക്ക് ശേഷമുള്ള പ്രഥമ സംസ്ഥാന എക് സിക്യൂട്ടീവ് ക്യാമ്പ് ജൂലൈ 19ന് കോഴിക്കോട് വിസ്ഡം ഓഫീസിൽ വെച്ച് നടന്നു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി എൻ അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം സംസ്ഥാന ഭാരവാഹികളും പണ്ഡിതസമിതി അംഗങ്ങളും ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിൽ അടുത്ത മൂന്ന് വർഷത്തേക്കുള്ള കർമപദ്ധതികൾക്ക് രൂപം നൽകി.

പി.എൻ അബ്ദുല്ലത്വീഫ് മദനി, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ടി.കെ അഷ്‌റഫ്, ഹംസ മദീനി, അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി, ശമീർ മദീനി, മുഹമ്മദ് സ്വാദിഖ് മദീനി, ഡോ. ഷാനവാസ് പറവണ്ണ, മുഹമ്മദലി ബാഖവി, സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, മുഹമ്മദ് ശബീബ് സ്വലാഹി, ഹംസ ജമാലി, മുജീബുല്ല അൻസാരി, മുജീബുറഹ്മാൻ സ്വലാഹി, നാസിർ ബാലുശ്ശേരി, സഅ്ഫർ സ്വാദിഖ് മദീനി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ■

# അനീതിക്കെതിരെ നിലകൊള്ളുക

അക്രമവും അനീതിയും ഇല്ലാത്ത ഭൗതികലോകം എന്നത് അസാധ്യമാണ്. കാരണം മനുഷ്യൻ തിന്മകളിലേക്ക് കൂടുതൽ ചായ്‌വുകാണിക്കുന്ന പ്രകൃതമുള്ളവനാണ്. മനുഷ്യരുള്ള കാലത്തോളം തിന്മകളുമുണ്ടാകും. അക്രമവും അനീതിയുമുണ്ടാകും. പ്രവാചകന്മാരൊഴിച്ച് ആരും പാപമുക്തരല്ല.

എന്നാൽ ചിന്താശേഷിയുള്ള മനുഷ്യന് തെറ്റിൽനിന്ന് അകന്നു നിൽക്കാനും തെറ്റു ചെയ്യാനും കഴിയും. തെറ്റാണെന്ന് ബോധ്യമുള്ള കാര്യം ചെയ്യാതിരിക്കുക എന്നത് മൂല്യബോധത്തിന്റെ അടയാളമാണ്. അക്രമവും അനീതിയും കൊടികുത്തിവാഴുമ്പോൾ അതിന്റെ ഒപ്പം സഞ്ചരിക്കുന്നതിനു പകരം അതിനെതിരെ ശബ്ദിക്കുവാനാണ് ശ്രമിക്കേണ്ടത്.

സാധാരണക്കാരൻ ചെയ്യുന്ന അനീതിയും അക്രമവും വാഗ്ദാന ലംഘനവും ഒരു ഭരണാധികാരിയോ ന്യായാധിപനോ ചെയ്യുന്ന അക്രമവും അനീതിയും വാഗ്ദാന ലംഘനവും ഒരുപോലെയല്ല സമൂഹത്തെ ബാധിക്കുക. ഭരണാധികാരിയുടെയും ന്യായാധിപന്റെയും അനീതി ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും. സമൂഹത്തിൽ അരക്ഷിതാവസ്ഥയുണ്ടാക്കും. ജനങ്ങളിലാകമാനം ഭീതിപരത്തും. നിലനിൽപിനെക്കുറിച്ച് ആശങ്കയുണ്ടാക്കും.

ഇന്ത്യയുടെ ഇന്നത്തെ അവസ്ഥയെന്താണ്? കേന്ദ്ര സർക്കാറും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളും പക്ഷപാതപരവും വർഗീയവുമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള മുസ്‌ലിം പള്ളികൾക്കു താഴെ ക്ഷേത്രാവശിഷ്ടങ്ങളോ വിഗ്രഹങ്ങളോ ഉണ്ടെന്നു വരുത്തിത്തീർക്കാൻ ആസൂത്രിതമായി പരിശ്രമിക്കുന്നു. കോടതികൾ അതിനെല്ലാം കൊടിപിടിക്കുന്നു. മുസ്‌ലിമായ ഒരു വ്യക്തി എന്തെങ്കിലും തെറ്റു ചെയ്താൽ അയാളുടെ കുടുംബത്തെ മുഴുവൻ തെരുവിലിറക്കി വീട് തകർത്തുകളയുന്നു.

ഭരണാധികാരികളുടെ അഴിമതി, സ്വജനപക്ഷപാതിത്വം, വ്യാജ ഏറ്റുമുട്ടൽ കൊലപാതകങ്ങൾ, ഭരണത്തെ എതിർക്കുന്നവരെ രാജ്യദ്രോഹികളായി മുദ്രകുത്തി ജയിലിലടയ്ക്കൽ, പട്ടിണിപ്പാവങ്ങളെ കണ്ടില്ലെന്നു നടിക്കുകയും കോർപ്പറേറ്റുകളെ വാരിപ്പുണരുകയും ചെയ്യൽ...ഇങ്ങനെ ഒട്ടനേകം 'കലാപരിപാടികൾ' നമ്മുടെ രാജ്യത്ത് നിർബാധം നടന്നുകൊണ്ടിരിക്കുന്നു. പുറത്തുവരുന്നതിനെക്കാൾ വലിയ വാർത്തകൾ ഇരുമ്പുമറയ്ക്കകത്തുണ്ടെന്നതാണ് നേര്.

'അന്യായം' അഥവാ 'അക്രമം' എന്നത് അർഥമാക്കുന്നത് ഒന്നിനെ അതിന്റെതല്ലാത്ത സ്ഥാനത്ത് പ്രതിഷ്ഠിക്കലാണ്, മാറ്റി സ്ഥാപിക്കലാണ്, ദുരുപയോഗം ചെയ്യലാണ്, പരിധി ലംഘിക്കലാണ്, ശരിയായ പാതയിൽ നിന്നുള്ള വ്യതിയാനമാണ്, സത്യമെന്തെന്നറിഞ്ഞിട്ടും കളവു പറയലാണ്.

വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ സമ്പത്തുകൊണ്ടോ സ്വാധീനംകൊണ്ടോ അധികാരം കൊണ്ടോ ആരെയും ഉപദ്രവിക്കാനോ ആരോടെങ്കിലും അനീതി കാണിക്കാനോ പാടില്ല എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അക്രമികളെ സഹായിക്കാൻ ഇഹലോകത്ത് പലരുമുണ്ടാകും. എന്നാൽ പരലോകത്ത് ആരുമുണ്ടാകില്ല. '...അക്രമകാരികൾക്ക് യാതൊരു സഹായിയും ഇല്ല' (ക്വുർആൻ 22:71).

ഈ ബോധമാണ് ഉമറുബ്നുൽ ഖത്ത്വാബി(റ)നെ പോലുള്ള ഭരണാധികാരികളെ ലോകം കണ്ട ഏറ്റവും നീതിമാന്മാരായ ഭരണാധികാരികളാക്കി മാറ്റിയത്. ■



ലേഖനം

# ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പൈതൃകത്തിന് മേലുള്ള കടന്നുകയറ്റം

ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു
വിവ: ഇ. യൂസുഫ് സാഹിബ് നദുവി
: 9497385707

ഈയിടെ തെലങ്കാനയിലെ ഒരു സ്കൂൾ പ്രിൻസിപ്പലിനു നേരെ തീവ്ര വലതുപക്ഷ ഗ്രൂപ്പുകൾ വധശ്രമം നടത്തുകയുണ്ടായി. വിദ്യാലയത്തിൽ ഉറുദു പഠനം പ്രോത്സാഹിപ്പിച്ചു എന്നതായിരുന്നു അവർ ആരോപിച്ച 'കുറ്റം.' വെറും രണ്ടു ദിവസത്തേക്ക് മാത്രമാണ് സ്കൂളിൽ ഉറുദു പഠിപ്പിച്ചതെന്നും അതാകട്ടെ രക്ഷിതാക്കളുടെ നിരന്തരമായ ആവശ്യപ്രകാരമായിരുന്നുവെന്നും പ്രിൻസിപ്പൽ പിന്നീട് വ്യക്തമാക്കുകയുണ്ടായി.

ഒരു അധ്യാപിക വിദ്യാർഥികൾക്ക് ഉറുദു അക്ഷരമാല പരിചയപ്പെടുത്തുക മാത്രമാണ് ചെയ്തത്. എന്നാൽ ഏറ്റവും നിർഭാഗ്യകരവും ആശങ്കാജനകവുമായ വശം, ഈ ആക്രമണം നടന്നത് പോലീസിന്റെ സാന്നിധ്യത്തിലായിരുന്നു എന്നതാണ്. അക്രമികളെ തടയാനോ ഇരയായ വ്യക്തിക്ക് ആവശ്യമായ സംരക്ഷണം നൽകാനോ പോലീസ് തയ്യാറായില്ല.

ഇത്തരം സംഭവങ്ങൾ ഭാരതത്തിന് മൊത്തത്തിൽ ലജ്ജാകരമാണ്. നിയമപരമായ ശിക്ഷയ്ക്ക് അർഹരായ ഈ സാമൂഹികവിരുദ്ധർ ഇന്ന് ചില ഹിന്ദുത്വ വൃത്തങ്ങളിൽ 'സംസ്കാരത്തിന്റെ കാവലാളുകളായി' വാഴ്ത്തപ്പെടുന്നു എന്നത് അങ്ങേയറ്റം ഖേദകരമാണ്.

സംസ്കൃതത്തെപ്പോലെ ഉറുദുവും ഇന്ത്യയുടെ മഹത്തായ, സവിശേഷമായ ഒരു ഭാഷയാണ്. എന്നാൽ സംസ്കൃതം നേരിട്ട അതേ അവഗണനയ്ക്കും അനീതിക്കും ഇന്ന് ഉറുദുവും ഇരയായിക്കൊണ്ടിരിക്കുകയാണ്. ചില വിവരദോഷികളും വർഗീയവാദികളും യാതൊരു അടിസ്ഥാനവുമില്ലാതെ ഉറുദുവിനെ ഒരു 'അന്യഗ്രഹഭാഷ'യായോ അല്ലെങ്കിൽ കേവലം 'മുസ്ലിംകളുടെ ഭാഷ'യായോ ചിത്രീകരിക്കാൻ ശ്രമിക്കുന്നു. എന്നാൽ ചരിത്രപരമായ യാഥാർഥ്യം ഇതിന് തികച്ചും വിപരീതമാണ്.

'എന്താണ് ഉറുദു' എന്ന വിഷയത്തിൽ മുമ്പ് ഞാൻ എഴുതിയ ലേഖനങ്ങളിലും


احوالِ واقعی
ہندوستان کے عظیم تہذیبی ورثہ پر حملہ
جسٹس مارکنڈے کاٹجو

പ്രസംഗങ്ങളിലും ഉറുദു ഭാഷയുടെ ചരിത്രത്തെയും അതിന്റെ വികാസത്തെയും സാംസ്കാരിക പ്രാധാന്യത്തെയും കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ, ആ വാദങ്ങൾ ഇവിടെ വീണ്ടും ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

1993ൽ അലഹബാദ് ഹൈക്കോടതി ജഡ്ജിയായിരിക്കെ, ഒരു കേസിൽ (രമേഷ് ഉപാധ്യായ വേഴ്സസ് സ്റ്റേറ്റ് ഓഫ് യു.പി, 1993) ഞാൻ ഒരു സുപ്രധാന നിരീക്ഷണം നടത്തിയിരുന്നു: 'ഇന്ത്യയുടെ മഹത്തായ രണ്ട് സാംസ്കാരിക ഭാഷകളായ സംസ്കൃതവും ഉറുദുവും രാജ്യത്തെ എല്ലാ സ്കൂളുകളിലും ചുരുങ്ങിയത് അഞ്ച് വർഷമെങ്കിലും (എട്ടാം ക്ലാസുവരെ) നിർബന്ധിതമായി പഠിപ്പിക്കേണ്ടതുണ്ട്.'

ആ വിധിന്യായത്തിലെ 12ാം ഖണ്ഡികയിൽ ഞാൻ ഇപ്രകാരം കുറിച്ചു: 'എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ, സംസ്കൃതത്തോടൊപ്പം ഉറുദുവും നമ്മുടെ സ്കൂളുകളിൽ കുറഞ്ഞത് അഞ്ച് വർഷമെങ്കിലും നിർബന്ധമായും പഠിപ്പിക്കേണ്ടതുണ്ട്. ഉറുദു നമ്മുടെ രാജ്യത്തിന്റെ മഹത്തായ ഒരു ഭാഷയാണ്. എന്നാൽ നിർഭാഗ്യവശാൽ ഇതിനെ മുസ്‌ലിംകളുടെ മാത്രം ഭാഷയായി തെറ്റായി മുദ്രകുത്തിയിരിക്കുന്നു. ബ്രിട്ടീഷ് ഭരണാധികാരികളാണ് ഇന്ത്യൻ ജനതയ്ക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ വേണ്ടി 'ഹിന്ദി ഹിന്ദുക്കളുടെയും ഉറുദു മുസ്‌ലിംകളുടെയും ഭാഷയാണ്' എന്ന തെറ്റായ പ്രചാരണം അഴിച്ചുവിട്ടത്.

എന്നാൽ യാഥാർഥ്യം ഇതിന് വിപരീതമാണ്. ഉത്തരേന്ത്യയിലെയും ദക്ഷിണേന്ത്യയിലെ ചില ഭാഗങ്ങളിലെയും വിദ്യാസമ്പന്നരായ ജനങ്ങളുടെ പൊതുവായ ഭാഷയായിരുന്നു ഉറുദു; അവർ ഹിന്ദുക്കളോ മുസ്‌ലിംകളോ ആകട്ടെ.

മീർ, ഗാലിബ്, ഫൈസ്, ഫിറാഖ്, ജോഷ് തുടങ്ങിയ മഹാൻമാരായ കവികൾ ഉറുദു സാഹിത്യത്തിന് നൽകിയ സംഭാവനകൾ മതനിരപേക്ഷ ചിന്താഗതിയുടെ ഉദാത്തമായ മാതൃകകളാണ്. ഇന്നത്തെ യുവ തലമുറ തങ്ങളുടെ സാംസ്കാരിക വേരുകളിൽനിന്ന് അകന്നുപോവുകയാണ്. ഇത് രാജ്യത്ത് നിരാശയ്ക്കും സാംസ്കാരികമായ അപചയത്തിനും വഴിതെളിക്കുന്നു. ഭൂരിഭാഗം യുവാക്കൾക്കും ഇന്ത്യയുടെ ഈ രണ്ട് മഹത്തായ ഭാഷകളായ സംസ്കൃതത്തെക്കുറിച്ചോ ഉറുദുവിനെക്കുറിച്ചോ കൃത്യമായ അറിവില്ല. സ്കൂൾ തലത്തിൽ അഞ്ച് വർഷമെങ്കിലും ഈ ഭാഷകൾ പഠിപ്പിക്കുകയാണെങ്കിൽ, അവർക്ക് ഇതിന്റെ അടിസ്ഥാ നപരമായ അറിവ് ലഭിക്കും. പിന്നീട് സ്വന്തം താൽപര്യപ്രകാരം അത് കൂടുതൽ പഠിക്കാൻ അവർക്ക് സാധിക്കും. ഇതിലൂടെ നമ്മുടെ സാംസ്കാരികവും ചരിത്രപരവുമായ പൈതൃകത്തെ അടുത്തറിയാൻ അവർക്ക് കഴിയും. ഈ നീക്കം മതത്തിന്റെ പേരിൽ രാജ്യത്തെ വിഭജിക്കാൻ ശ്രമിക്കുന്ന വർഗീയ ശക്തികളുടെ താൽപര്യങ്ങളെ ദുർബലപ്പെടുത്തും.

ഉറുദുവിനെ ശക്തമായി എതിർക്കുകയും തെലങ്കാനയിലെ സ്കൂൾ പ്രിൻസിപ്പലിനെ ആക്രമിക്കുകയും ചെയ്ത വലതുപക്ഷ ഘടകങ്ങൾ യഥാർഥത്തിൽ സങ്കുചിത ചിന്താഗതിക്കാരായ, സംസ്കാരശൂന്യരായ ഗുണ്ടകളാണ്. ഇന്ത്യയുടെ സമന്വയ സംസ്കാരത്തെക്കുറിച്ചോ (Ganga-Jamuni tehzeeb), നമ്മുടെ പങ്കുവെക്കപ്പെട്ട സാംസ്കാരിക പൈതൃകത്തെക്കുറിച്ചോ ഉള്ള യാതൊരു അവബോധവും അവർക്കില്ല. ഇങ്ങനെയുള്ളവർ രാജ്യത്തിന് തന്നെ അപമാനമാണ്.

ഉറുദുവിന് നേരെ നടക്കുന്ന ആക്രമണം വെറുമൊരു ഭാഷയ്ക്ക് നേരെയുള്ളതല്ല, മറിച്ച് ഇന്ത്യയുടെ മഹത്തായ സംയുക്ത സംസ്കാരത്തിന് നേരെയുള്ള കടന്നാക്രമണമാണ്. അതിനാൽ, വെറും രണ്ട് ദിവസത്തെ താൽക്കാലിക പഠനമല്ല, മറിച്ച് രാജ്യത്തെ എല്ലാ സ്കൂളുകളിലും സംസ്കൃതത്തോടൊപ്പം ഉറുദുവും കുറഞ്ഞത് അഞ്ച് വർഷമെങ്കിലും ഔദ്യോഗികമായി പാഠ്യപദ്ധതിയുടെ ഭാഗമാക്കി പഠിപ്പിക്കണം എന്നാണ് എന്റെ ശക്തമായ അഭിപ്രായം. ■




# സ്വഫർ മാസവും വിശ്വാസികളും

ശബീബ് സ്വലാഹി

അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതും അതിന് വിരുദ്ധമായ ബഹുദൈവാരാധന, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവ വെടിയുക എന്നതുമാണ് ഒരു വിശ്വാസിയുടെ ഏറ്റവും പ്രധാനപ്പെട്ട കടമ. കാരണം, ഇസ്‌ലാമിന്റെ അടിസ്ഥാനം തൗഹീദാണ്. അത് കൂടാതെ അല്ലാഹു ഒരു കർമവും സ്വീകരിക്കുകയില്ല. തൗഹീദിന്റെ മഹത്ത്വത്തെക്കുറിച്ചും അതിന് വിരുദ്ധമായ കാര്യങ്ങളുടെ അപകടത്തെക്കുറിച്ചും വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും ധാരാളം തെളിവുകൾ വന്നിട്ടുണ്ട്.

**യഥാർഥ ശത്രുവിനെ തിരിച്ചറിയുക**

മനുഷ്യനെ നേർമാർഗത്തിൽ നടത്തുന്നവനാണ് അല്ലാഹു. എന്നാൽ അതിൽനിന്നും തെറ്റിച്ചുകളയാനും നന്മയിൽനിന്ന് തടയാനും പിശാചുക്കൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നത് നമ്മൾ മറക്കരുത്.

അല്ലാഹു പറയുന്നു: "വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽനിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്. അവരാകുന്നു നരകാവകാശികൾ. അവരതിൽ നിത്യവാസികളാകുന്നു" (ക്വുർആൻ 2: 257).

നബി(സ്വ) പറഞ്ഞു: "അല്ലാഹു പറഞ്ഞു: 'എന്റെ ദാസന്മാരെ ഞാൻ നേരായ മാർഗത്തിലാണ് സൃഷ്ടിച്ചത്. എന്നാൽ പിശാചുക്കൾ അവരുടെ അടുത്തുവന്ന്, ദീനിൽനിന്ന് അവരെ തെറ്റിക്കുകയും ഞാൻ അനുവദിച്ച കാര്യങ്ങൾ അവർക്ക് നിഷിദ്ധമാക്കുകയും ഞാൻ യാതൊരു അധികാരവും നൽകാത്ത കാര്യങ്ങളിൽ എന്നോട് ശിർക്ക് ചെയ്യാൻ അവരോട് കൽപിക്കുകയും ചെയ്തു" (മുസ്‌ലിം).

**സ്വഫർ മാസം; നാം അറിയേണ്ടത്**

'സ്വഫർ' എന്നത് ഹിജ്റ കലണ്ടറിലെ രണ്ടാമത്തെ മാസമാണ്. ജാഹിലിയ്യ കാലത്തെ അറബികൾ ഈ മാസത്തിൽ യുദ്ധങ്ങൾ, ഏറ്റുമുട്ടലുകൾ പോലുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അങ്ങനെ കൈവശമുള്ള ധനമെല്ലാം തീർന്നുപോകുകയും ചെയ്തിരുന്നു. അതിനാലാണ് 'സ്വഫർ' (ശൂന്യം) എന്ന് ഈ മാസത്തിന് പേരു വന്നത് എന്നാണ് പറയപ്പെടുന്നത്.

ജാഹിലിയ്യ കാലത്തെ അറബികൾ ഈ മാസത്തിൽ രണ്ട് ഗുരുതരമായ തെറ്റുകൾ ചെയ്തിരുന്നു. തങ്ങൾക്ക് ഇഷ്ടമുള്ള മാസങ്ങളിൽ യുദ്ധം ചെയ്യുന്നതിനായി അവർ മാസങ്ങളുടെ ക്രമം മാറ്റിമറിക്കാറുണ്ടായിരുന്നു എന്നതാണ് അതിലൊന്ന്. ഇതിനെ 'നസീഅ്' (മാസങ്ങളെ മാറ്റിവെക്കൽ) എന്നാണ് വിശേഷിപ്പിച്ചിരുന്നത്.

അല്ലാഹു പറയുന്നു: "വിലക്കപ്പെട്ട മാസം പുറകോട്ട് മാറ്റുക എന്നത് സത്യനിഷേധത്തിന്റെ വർധനവ് തന്നെയാകുന്നു. സത്യനിഷേധികൾ അതുമൂലം തെറ്റിലേക്ക് നയിക്കപ്പെടുന്നു. ഒരു കൊല്ലം അവരത് അനുവദനീയമാക്കുകയും മറ്റൊരു കൊല്ലം നിഷിദ്ധമാക്കുകയും ചെയ്യുന്നു. അല്ലാഹു നിഷിദ്ധമാക്കിയതിന്റെ (മാസത്തിന്റെ) എണ്ണമൊപ്പിക്കുവാനും എന്നിട്ട്, അല്ലാഹു നിഷിദ്ധമാക്കിയത് ഏതോ അത് അനുവദനീയമാക്കുവാനും വേണ്ടിയാണ് അവരങ്ങനെ ചെയ്യുന്നത്. അവരുടെ ദുഷ്പ്രവൃത്തികൾ അവർക്ക് ഭംഗിയായി തോന്നിക്കപ്പെട്ടിരിക്കുന്നു. സത്യനിഷേധികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല" (ക്വുർആൻ 9: 37).

സ്വഫർ മാസത്തെ അപശകുനമായി (നഹ്സ്) കാണലാണ് രണ്ടാമത്തെ തെറ്റ്. സ്വഫർ മാസം ദുരന്തങ്ങൾ നിറഞ്ഞതാണെന്നും ഈ മാസത്തിൽ വിവാഹം കഴിച്ചാലോ കച്ചവടം ചെയ്താലോ വിജയിക്കില്ലെന്നും ജാഹിലിയ്യാ അറബികൾ വിശ്വസിച്ചുപോന്നിരുന്നു.

ഏകദൈവ വിശ്വാസത്തിന് വിരുദ്ധമായ ഇതേ അന്ധവിശ്വാസങ്ങൾ ഇന്നത്തെ മുസ്‌ലിംകളിൽ ചിലർ പിന്തുടരുന്നത് കാണാം. അവർ സ്വഫർ അപശകുനങ്ങളുടെ മാസമാണന്നും ഈ മാസത്തിൽ രോഗികളെ സന്ദർശിക്കാൻ പാടില്ലെന്നും കരുതുന്നു. ഈ മാസം വിവാഹ ചടങ്ങുകൾ ഒഴിവാക്കുന്നവരും മാസത്തിലെ അവസാന ബുധനാഴ്ചയെ അപശകുനമായി വിശ്വസിച്ചുപോരുന്നവരും അവരിലുണ്ട്. സ്വഫർ മാസത്തിൽ ആയിരക്കണക്കിന് ദുരന്തങ്ങൾ ഇറങ്ങുമെന്നും അത് തടയാൻ പ്രത്യേക നമസ്കാരങ്ങളും പ്രാർഥനകളും നിർബന്ധമാണെന്നും വിശ്വസിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നവരാണ് അവർ.

ഇത്തരം പ്രത്യേകം നമസ്കാരത്തിനോ പ്രാർഥനയ്ക്കോ ക്വുർആനിലോ സുന്നത്തിലോ യാതൊരു തെളിവുമില്ല. ഇത് തികഞ്ഞ ബിദ്അത്താണ് (പുത്തനാചാരമാണ്). നബി(സ്വ) പറഞ്ഞു: 'ആരെങ്കിലും നമ്മുടെ ഈ കാര്യത്തിൽ (ദീനിൽ) പെടാത്ത വല്ലതും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്' (ബുഖാരി, മുസ്‌ലിം).

ഈ അനാചാരങ്ങളെ നബി(സ്വ)യിലേക്കും സ്വഹാബികളിലേക്കും ചേർത്തുപറയുന്നത് വലിയ കളവും മഹാപാതകവുമാണ് എന്ന് വിശ്വാസികൾ തിരിച്ചറിയണം.

**അപശകുനമില്ല**

ഒരു നിലയ്ക്കുമുള്ള അപശകുനങ്ങളും ഇല്ലെന്നാണ് നബി(സ്വ) പഠിപ്പിച്ചത്. അവിടുന്ന് പറഞ്ഞു: "(അല്ലാഹുവിന്റെ അനുമതി കൂടാതെ തനിയെ പകരുന്ന) പകർച്ചവ്യാധിയില്ല, പക്ഷിശകുനങ്ങളില്ല, 'സ്വഫർ' മാസം അശുഭകരമല്ല, മരണപ്പെട്ടയാളുടെ ആത്മാവ് പക്ഷിരൂപത്തിൽ വരുമെന്ന വിശ്വാസത്തിന് അടിസ്ഥാനമില്ല" (അബൂദാവൂദ്).

ഇത്തരത്തിലുള്ള വിശ്വാസങ്ങളെ ബഹുദൈവാരാധനയുടെ ഭാഗമായാണ് നബി(സ്വ) പഠിപ്പിച്ചത്. അത്തരം ശിർക്കൻ വിശ്വാസത്തിൽനിന്നും രക്ഷപ്പെടാനുള്ള മാർഗം അല്ലാഹുവിൽ യഥാവിധി ഭരമേൽപിക്കുക എന്നതാണ്. ദുശ്ശകുന ചിന്ത മനസ്സിൽ വന്നാൽ, 'അല്ലാഹുവിൽ പൂർണമായി ഭരമേൽപിക്കുന്നതു വഴി അല്ലാഹു ആ ചിന്തകളെ നീക്കിക്കളയു'മെന്ന് നബി(സ്വ) പറഞ്ഞതായി കാണാം (അബൂദാവൂദ്).

ചിലയാളുകൾ ഈ മാസത്തെ 'സ്വഫറുൽ ഖൈർ' (നന്മയുടെ സ്വഫർ) എന്ന് വിളിക്കാറുണ്ട്. ഇതും ശരിയല്ല. കാരണം ഈ മാസം പ്രത്യേകം നന്മയോ തിന്മയോ നിറഞ്ഞതല്ല; മറിച്ച് മറ്റു മാസങ്ങളെപ്പോലെ സാധാരണ ഒരു മാസം മാത്രമാണ്. അതുകൊണ്ട്, ഇത്തരം അന്ധവിശ്വാസങ്ങളെ തള്ളിക്കളയണം.

**ഏറ്റവും വലിയ ദുശ്ശകുനം!**

സ്വർഗവാസികളുടെ ഏറ്റവും വലിയ സൽകർമം അല്ലാഹുവിനെ മാത്രം ആരാധിക്കലാണ്. നരകവാസികളുടെ ഏറ്റവും വലിയ കുറ്റം അല്ലാഹുവിൽ പങ്കുചേർക്കലും ദീനിൽ ഇല്ലാത്ത കാര്യങ്ങൾ കൂട്ടിച്ചേർക്കലുമാണ്.

ജീവിതകാലം മുഴുവനും അല്ലാഹുവിനെ അനുസരിച്ചുകൊണ്ട് ജീവിക്കാൻ നാം പരിശ്രമിക്കണം. തനിക്ക് അനുവദിക്കപ്പെട്ട ജീവിതം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവനാണ് യഥാർഥ വിജയി. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അല്ലാഹുവിനോടുള്ള അനുസരണക്കേടാണ് ഏറ്റവും വലിയ ദുശ്ശകുനം. ഏതൊരു മാസത്തെ പോലെയും ഈ മാസം അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങാനും നന്മകൾ വർധിപ്പിക്കാനും നമുക്ക് സാധിക്കണം. ■



# സ്വൂഫിസം: ആത്മീയതയോ തത്ത്വചിന്തയോ?

മുഹമ്മദ് ഫയാസ്, നാദാപുരം

**ഇസ്‌ലാമിക ചരിത്രത്തിന് തങ്ങളുടെതായ ആന്തരിക വ്യാഖ്യാനങ്ങളും ബാഹ്യാർഥങ്ങൾക്ക് പിന്നിൽ ഒളിപ്പിച്ചുവെച്ച രഹസ്യഭാഷയുമായി പ്രത്യക്ഷപ്പെട്ട നിഗൂഢ വിഭാഗമാണ് സ്വൂഫികൾ. ഗ്രീക്ക് തത്ത്വചിന്തകളോടും ജ്ഞാനവാദത്തോടും സദൃശ്യപ്പെട്ട്, ലളിതമായ ഭൗതിക വിരക്തിയിൽ നിന്ന് തുടങ്ങി വിവിധ ബാഹ്യ സംസ്കാരങ്ങളാൽ സ്വാധീനിക്കപ്പെട്ട് മതരംഗത്ത് പരസ്പരവിരുദ്ധമായ നിർവചനങ്ങളുള്ള സമാന്തര പാതയായി പരിണമിച്ച സ്വൂഫിസത്തിന്റെ ചരിത്രം, മതരംഗത്തെ ചതിയുടെ വർത്തമാനം കൂടിയാണ്.**

സത്യത്തെ അന്വേഷിക്കുക എന്ന ആശയം മനുഷ്യമനസ്സിനൊപ്പം ചരിത്രത്തിലുടനീമുള്ള ഒന്നാണ്. ഏത് സമൂഹത്തിലും, സത്യത്തെ അന്വേഷിക്കുന്നത് തങ്ങളുടെ പ്രധാന ജോലിയായി കൊണ്ടുനടക്കുന്ന ഒരുകൂട്ടം ആളുകളെ എപ്പോഴും കാണാം. സത്യത്തെ തേടിയുള്ള അവരുടെ കഠിനമായ യാത്രയ്ക്കിടയിൽ, അവർ വളരെ ദൂരെയുള്ള സ്ഥലങ്ങളിലേക്ക് പോയേക്കാം, അത് സത്യത്തെ ഭാവനയെക്കാൾ വിചിത്രമാക്കുന്നു.

'നിങ്ങൾ ഒരു വലിയ മതിലിനു മുന്നിൽ നിൽക്കുകയാണെന്ന് സങ്കൽപിക്കുക. ആ മതിലിനു പിന്നിൽ രഹസ്യങ്ങളും വിചിത്രകഥകളും നിഗൂഢതകളും നിറഞ്ഞ ഒരു ലോകമുണ്ട്. ആ മതിലിൽനിന്ന് ഓരോ ഇഷ്ടിക മാറ്റുമ്പോഴും നിങ്ങൾ

ചിഹ്നങ്ങളും കടങ്കഥകളും കണ്ടെത്തുന്നു. നിങ്ങൾ ഒരു ഭ്രമണപഥത്തിൽ അകപ്പെട്ടതുപോലെ തോന്നും, അതിൽനിന്ന് പുറത്തുകടക്കുക എന്നത് പ്രയാസകരമാണ്, അല്ലെങ്കിൽ അസാധ്യമാണ്. നിങ്ങൾ വായിക്കുന്ന ഓരോ വാക്കിന് പിന്നിലും മറഞ്ഞിരിക്കുന്ന മറ്റൊരു അർഥമുണ്ടെന്ന് നിങ്ങൾക്ക് തോന്നും. ഓരോ വാചകത്തിനും രണ്ട് വശങ്ങളുണ്ട്: എല്ലാവർക്കും കാണാൻ കഴിയുന്ന ഒരു ബാഹ്യവശവും (ദ്വാഹിർ), രഹസ്യത്തിന്റെ ആളുകൾക്ക് (അഹ്‌ലുസ്സിർറ്) അല്ലാതെ മറ്റാർക്കും മനസ്സിലാകാത്ത ഒരു ആന്തരികവശവും (ബാത്വിൻ).

നമുക്കിടയിൽ ജീവിക്കുന്ന ആളുകളെ നമുക്ക് കാണാം, എന്നാൽ അവർക്ക് അവരുടെതായ പ്രത്യേക ലോകവും വ്യത്യസ്തമായ ഭാഷയും മറ്റാർക്കും അറിയാത്ത രഹസ്യങ്ങളുമുണ്ട്. തങ്ങളുടെ പക്കൽ മറ്റാരുടെയും പക്കലില്ലാത്ത അറിവുണ്ടെന്ന് അവർ പറയുന്നു; കാരണം അത് അവർ അദൃശ്യകാര്യങ്ങളിൽ നിന്നും (ഗൈബ്), പ്രചോദനങ്ങളിൽനിന്നും (ഇൽഹാം), ദർശനങ്ങളിൽനിന്നും (റുഅ്‌യ) സ്വീകരിക്കുന്ന അറിവാണ്.' സ്വൂഫികളുടെ ആശയമാണിത്.

അപ്പോൾ ആരാണ് സ്വൂഫികൾ? എന്തുകൊണ്ട്, എങ്ങനെയാണ് അവർ ഈ ഘട്ടത്തിൽ എത്തിയത്? യഥാർഥത്തിൽ മറ്റാർക്കും എത്തിച്ചേരാൻ കഴിയാത്ത ഒരു രഹസ്യം അവരുടെ പക്കലുണ്ടോ? സ്വൂഫിസത്തിന്റെ യാഥാർഥ്യം എന്താണ്?

### സ്വൂഫിസം ഇസ്‌ലാമിക ചരിത്രത്തിൽ

ഇസ്‌ലാമിക ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ട ഏറ്റവും വിചിത്രമായ ഒരു വിഭാഗത്തെക്കുറിച്ചാണ് പറയാൻ പോകുന്നത്; സ്വൂഫിസത്തെക്കുറിച്ച്. സ്വൂഫിസം ഒരു ആശയം എന്ന നിലയിൽ എന്താണെന്നും അത് എവിടെനിന്ന് വന്നുവെന്നും എന്തുകൊണ്ടാണ് തസവ്വുഫ് (സ്വൂഫിസം) രൂപപ്പെട്ടതെന്നും മനസ്സിലാക്കാൻ ശ്രമിക്കാം. എന്താണ് 'ത്വരീഖത്ത്' (പാത) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്? എന്തുകൊണ്ടാണ് ലോകമെമ്പാടും നൂറുകണക്കിന് സ്വൂഫി ത്വരീഖത്തുകൾ ഉണ്ടായത്? ഈ വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്? തസവ്വുഫിനോടുള്ള പണ്ഡിതന്മാരുടെ നിലപാട് എന്താണ്?

വിശാലമായ സ്വൂഫി ലോകത്തേക്ക് കടക്കുന്നതിനും അത് വിവരിക്കാൻ ശ്രമിക്കുന്നതിനും മുമ്പ്, വളരെ പ്രധാനപ്പെട്ട ഒരു കാര്യം ആദ്യം അറിഞ്ഞിരിക്കണം. സ്വൂഫികൾക്ക് സംസാരിക്കുന്നതിൽ പ്രത്യേകവും വ്യത്യസ്തവുമായ ഒരു ശൈലിയുണ്ട്, നമ്മൾ ശീലിച്ചതിൽനിന്ന് തികച്ചും വ്യത്യസ്തമാണത്. സ്വൂഫികളുടെ പുസ്തകങ്ങളും സംസാരങ്ങളും ഒരു രഹസ്യ കോഡിൽ എഴുതിയ പുസ്തകങ്ങൾ പോലെയാണ്. പുസ്തകത്തിനുള്ളിൽ ബാഹ്യമായ അർഥങ്ങൾ നിങ്ങൾ കാണും, എന്നാൽ അതിന് പിന്നിൽ മറഞ്ഞിരിക്കുന്ന മറ്റൊരു ആന്തരിക അർഥമുണ്ടാകും. അവർ എപ്പോഴും പ്രതീകങ്ങളും (റംസ്) സൂചനകളും (ഇശാറത്ത്) ഒളിഞ്ഞിരിക്കുന്ന വാക്കുകൾ ഉപയോഗിക്കുന്നതായി കാണാം.

### രഹസ്യങ്ങൾ ഒളിച്ചുവെക്കുന്ന ശൈലി

അവർ എന്തിനാണ് ഇങ്ങനെ ചെയ്യുന്നത് എന്ന് ചോദിച്ചാൽ, എന്റെ മറുപടി അവരുടെ വാക്കുകളിൽ നിന്നുതന്നെയാണ്. അബ്ബാസീ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട കവികളിലും സ്വൂഫികളിലും ഒരാളായി കണക്കാക്കപ്പെടുന്ന അൽഹല്ലാജ് തന്റെ കവിതയിൽ ഇങ്ങനെ പറയുന്നതായി കാണാം: 'വിവരമില്ലാത്തവൻ ഈ അറിവു കണ്ട് ഫിത്നയിൽ (കുഴപ്പത്തിൽ) അകപ്പെടാതിരിക്കാൻ ഞാൻ എന്റെ അറിവിന്റെ മുത്തുകൾ ഒളിച്ചുവെക്കുന്നു. ഇതിനുമുമ്പ് അബുൽ ഹസൻ അൽഹുസൈനിലേക്ക് ഇത് സമർപ്പിച്ചിട്ടുണ്ട്, അദ്ദേഹത്തിന് മുമ്പ് ഹസനോട് ഇത് വസ്വിയ്യത്ത് ചെയ്തിട്ടുമുണ്ട്.'

തന്റെ പക്കലുള്ള അറിവുകളെയും 'ബൗദ്ധിക മുത്തുകളെ'യും ജനങ്ങളിൽനിന്ന് മനഃപൂർവം ഒളിച്ചുവെക്കുകയാണെന്ന് ഹല്ലാജ് ഇവിടെ സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ, തന്റെ പക്കലുള്ള ഈ കാര്യങ്ങൾ സാധാരണ ജനങ്ങൾ അറിഞ്ഞാൽ അവർ കുഴപ്പത്തിലാകും.

ഹല്ലാജ് തുടരുന്നു: "എന്റെയുള്ളിലെ അറിവിന്റെ മുത്തുകൾ ഞാൻ വെളിപ്പെടുത്തിയാൽ,

'നീ വിഗ്രഹങ്ങളെ ആരാധിക്കുന്നവരിൽ പെട്ടവനാണ്' എന്ന് എന്നോട് പറയപ്പെടും. മുസ്‌ലിംകളായ പുരുഷന്മാർ എന്റെ രക്തം ഹലാലാക്കും. അവർ തങ്ങൾ ചെയ്യുന്ന ഏറ്റവും മോശമായ കാര്യങ്ങളെ നല്ലതായി കാണുന്നു." തന്റെ ഹൃദയത്തിലുള്ള കാര്യങ്ങൾ പരസ്യമായി പറഞ്ഞാൽ ജനങ്ങൾക്ക് അത് മനസ്സിലാകില്ലെന്നും അതിനാൽ അവർ തന്റെ മേൽ കുഫ്ർ (അവിശ്വാസം) ആരോപിച്ച് തന്റെ രക്തം ചിന്താൻ മടിക്കില്ലെന്നുമാണ് അദ്ദേഹം പറയുന്നത്.

സ്വൂഫികൾ മനുഷ്യരെ രണ്ടായി തിരിക്കുന്നു:

1. *അഹ്‌ലു ദ്വാഹിർ (ബാഹ്യജ്ഞാനമുള്ളവർ):* വാക്കുകളെ അതിന്റെ ബാഹ്യമായ അർഥത്തിൽ എടുക്കുന്ന സാധാരണക്കാരാണിവർ. ഇവരെ അവർ 'അഹ്‌ലുൽ റുസൂം,' 'അഹ്‌ലുൽ ഔറാഖ്' അല്ലെങ്കിൽ 'ആമ്മത്ത്' (സാധാരണക്കാർ) എന്ന് വിളിക്കുന്നു.

2. *അഹ്‌ലുൽ ബാത്വിൻ (ആന്തരികജ്ഞാനമുള്ളവർ):* ഇവർ സ്വൂഫികൾ തന്നെയാണ്, വാക്കുകൾക്ക് പിന്നിൽ മറഞ്ഞിരിക്കുന്ന യഥാർഥ അർഥം മനസ്സിലാക്കാൻ ഇവർക്ക് കഴിയും. ഇവർ തങ്ങളെ 'അഹ്‌ലുൽ ഹക്വീക്വത്ത്' അല്ലെങ്കിൽ 'ഖാസ്സ്വത്ത്' (പ്രത്യേക വിഭാഗം) എന്ന് വിളിക്കുന്നു.

### അറിവുകൾ ഒളിച്ചുവെക്കൽ

തന്റെ കാലത്തെ ഏറ്റവും പ്രശസ്തരായ സ്വൂഫി നേതാക്കളിലും ഫിക്വ്ഹ് പണ്ഡിതന്മാരിലും ഒരാളായിരുന്നു ജുനൈദുൽ ബഗ്ദാദി. താൻ ഈ വിജ്ഞാനത്തെ ഭംഗിയായി എഴുതിവെക്കുകയും പിന്നീട് അത് ഭൂഗർഭ നിലവറകളിൽ ഒളിച്ചുവെക്കുകയും ചെയ്തു എന്ന് അദ്ദേഹം പറഞ്ഞതായി കാണാം. ജുനൈദ് അറിവിനെ ഒരു നിധി പോലെയാണ് കൈകാര്യം ചെയ്യുന്നത്. ഈ കാര്യം നൂറ്റാണ്ടുകളായി ആളുകളിൽ ആശയക്കുഴപ്പമുണ്ടാക്കിയിരുന്നു; സ്വൂഫികൾ എന്തുകൊണ്ടാണ് തങ്ങളുടെ അറിവുകൾ ഇത്തരത്തിൽ ഒളിച്ചുവെക്കുന്നതെന്ന് ആർക്കും അറിയുമായിരുന്നില്ല.

**സ്വൂഫികൾ എന്തുകൊണ്ടാണ് അസ്പഷ്ടമായ പദങ്ങളും വിചിത്രമായ വാക്കുകളും ഉപയോഗിക്കുന്നത് എന്ന് ഒരാൾ ചോദിച്ചപ്പോൾ, ഇബ്നു അത്വാഅ് പറഞ്ഞു: 'നമ്മുടെ ഈ അറിവിനോടുള്ള അസൂയ (പ്രത്യേക സ്നേഹം) കൊണ്ടും, അതിനോടുള്ള ബഹുമാനം കൊണ്ടും മാത്രമാണ് നമ്മൾ അങ്ങനെ ചെയ്തത്; നമ്മുടെ ഗ്രൂപ്പിൽ ഉള്ളവരല്ലാത്ത മറ്റാരും അത് കുടിക്കാതിരിക്കാൻ (അറിയാതിരിക്കാൻ) വേണ്ടി.'**

ഒടുവിൽ ശാദിലി ത്വരീക്വത്തിന്റെ പ്രധാന തൂണുകളിലൊരാളായ ഇബ്നു അത്വാഇല്ല അൽഇസ്കന്ദരിയോട് ഇതിനെക്കുറിച്ച് ചോദിക്കപ്പെട്ടു. സ്വൂഫികൾ ഇദ്ദേഹത്തെ 'മുർശിദുസ്സാലികീൻ' (വഴിനടത്തുന്നവരുടെ വഴികാട്ടി), 'ക്വുത്ബുൽ ആരിഫീൻ' (ആരിഫുകളുടെ നേതാവ്) എന്നൊക്കെയാണ് വിളിച്ചിരുന്നത്. വെറുമൊരു ആരിഫ് മാത്രമല്ല, ആരിഫുകളുടെ ഖുതുബ്! അദ്ദേഹത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ വേണ്ടിയാണ് ഇത് പറയുന്നത്. സ്വൂഫികൾ എന്തുകൊണ്ടാണ് അസ്പഷ്ടമായ പദങ്ങളും വിചിത്രമായ വാക്കുകളും ഉപയോഗിക്കുന്നത് എന്ന് ഒരാൾ ചോദിച്ചപ്പോൾ, ഇബ്നു അത്വാഅ് പറഞ്ഞു: 'നമ്മുടെ ഈ അറിവിനോടുള്ള അസൂയ (പ്രത്യേക സ്നേഹം) കൊണ്ടും, അതിനോടുള്ള ബഹുമാനം കൊണ്ടും മാത്രമാണ് നമ്മൾ അങ്ങനെ ചെയ്തത്; നമ്മുടെ ഗ്രൂപ്പിൽ ഉള്ളവരല്ലാത്ത മറ്റാരും അത് കുടിക്കാതിരിക്കാൻ (അറിയാതിരിക്കാൻ) വേണ്ടി.'

ഈ പറഞ്ഞ കാര്യങ്ങളെല്ലാം സ്വൂഫിസത്തെ മനസ്സിലാക്കാനുള്ള താക്കോലുകളാണ്. ആ താക്കോൽ എന്നത് 'രഹസ്യാത്മകതയും ഒളിച്ചുവെക്കലു'മാണ്.

### സ്വൂഫി: പദോത്പത്തിയിലെ പ്രതിസന്ധികൾ

ആദ്യമായി നമ്മൾ അറിയേണ്ടത് 'സ്വൂഫി' എന്ന വാക്കിന് അറബി ഭാഷയിൽ യാതൊരു അടിസ്ഥാനവുമില്ല

എന്നതാണ്. അതായത്, ഒരു അറബി വാക്കിൽനിന്നും ഇതിന് നേരിട്ടുള്ള വ്യുൽപത്തിയോ (ഡെറിവേഷൻ) ഭാഷാപരമായ നിയമമോ ഇല്ല. ഹിജ്റ നാല്-അഞ്ച് നൂറ്റാണ്ടുകളിലായി ജീവിച്ചിരുന്ന, 'സൈനുൽ ഇസ്‌ലാം,' 'ഇമാമുസ്സ്വൂഫിയ്യഃ' എന്നൊക്കെ വിളിക്കപ്പെട്ടിരുന്ന പ്രമുഖ പണ്ഡിതനായ അബുൽ ഖാസിം അൽഖുശൈരി പറഞ്ഞു: "ഈ നാമത്തിന് അറബി ഭാഷയുടെ ഭാഗത്തു നിന്ന് ഒരു വ്യുൽപത്തിയോ നിയമമോ സാക്ഷ്യം വഹിക്കുന്നില്ല. ഇത് ഒരു ലഖബ് (പദവി നാമം) ആണെന്നാണ് വ്യക്തമാകുന്നത്." ഇത് സ്വൂഫികളുടെ ഇമാമിന്റെ വാക്കുകളാണ്, എന്റേതല്ല.

എന്നാൽ ചില സ്വൂഫികൾ ഈ 'സ്വൂഫി' എന്ന വാക്കിന് അറബി അടിസ്ഥാനം നൽകാൻ ശ്രമിക്കു ന്നുണ്ട്. അത് 'സൂഫ്' (ആട്ടുരോമം) എന്ന വാക്കിൽനിന്നാണ് വന്നതെന്ന് ചിലർ പറഞ്ഞു. അത് 'സ്വഫാഅ്' (വിശുദ്ധി) എന്നതിൽ നിന്നാണെന്ന് മറ്റുചിലർ പറഞ്ഞു. 'സുഫ്ഫ' എന്നതിൽനിന്നാണെന്ന് പറഞ്ഞവരുണ്ട്. നമസ്കാരത്തിലെ വരി എന്ന അർഥമുള്ള 'സ്വഫ്ഫ്' എന്നതിൽനിന്നാണ് ഇത് ഉത്ഭവിച്ചതെന്ന് പറഞ്ഞവരുണ്ട്. എന്നാൽ, ഈ വ്യാഖ്യാനങ്ങളിൽ ഓരോന്നും പരിശോധിച്ചാൽ അത് ദുർബലമാണെന്നും സ്ഥിരീകരിക്കപ്പെടാത്തതാണെന്നും കാണാം.



**ദശലക്ഷക്കണക്കിന് അനുയായികളും മുരീദുകളുമുള്ള ഒരു കൂട്ടമാണ് സ്വൂഫികൾ; എന്നാൽ സ്വൂഫി എന്ന പദത്തിന്റെ ഉത്ഭവം എന്താണെന്ന് ആർക്കും അറിയില്ല! ചരിത്രപരമായ തെളിവുകൾ സൂചിപ്പിക്കുന്നത് ഈ വാക്ക് അറബി ഭാഷയ്ക്ക് പുറത്തുനിന്നും ഇസ്‌ലാമിക ചിന്തയ്ക്ക് പുറത്തുനിന്നും കടമെടുത്തതാണെന്നാണ്. അത് രണ്ട് സ്രോതസ്സുകളിൽനിന്നാണ് വരുന്നത്, അതിൽ ഓരോന്നും മറ്റേതിനെക്കാൾ അത്ഭുതപ്പെടുത്തുന്നതാണ്.**

ഉദാഹരണത്തിന്, കമ്പിളി വസ്ത്രം ധരിക്കുന്നത് സന്യാസത്തിന്റെ (സുഹ്ദ്) അടയാളമായതിനാൽ 'സൂഫ്' (കമ്പിളി) എന്നതിൽ നിന്നാണ് ഇതിന്റെ ഉത്ഭവം എന്ന് പറയുന്നവർക്കുള്ള മറുപടി: പ്രവാചകൻ (സ്വ) കമ്പിളി വസ്ത്രം ധരിക്കുന്നത് പതിവായിരുന്നു എന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല, അത് പ്രവാചകചര്യയായിരുന്നില്ല. പ്രവാചകൻ(സ്വ) ധരിക്കാൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന വസ്ത്രം 'ഹിബറഃ' ആയിരുന്നു, അത് അടിസ്ഥാനപരമായി പരുത്തി (കോട്ടൺ) കൊണ്ടാണ് ഉണ്ടാക്കിയിരുന്നത്. ഉമ്മുൽ മുഅ്മിനീൻ ആഇശ(റ) നിവേദനം ചെയ്യുന്നു: "പ്രവാചകൻ (സ്വ) ഒരിക്കൽ കമ്പിളി വസ്ത്രം ധരിച്ചപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽനിന്ന് വിയർപ്പ് വരികയും കമ്പിളിക്ക് ദുർഗന്ധം വരികയും ചെയ്തപ്പോൾ അത് ഉടൻതന്നെ ഊരിവെച്ചു.'' അതുകൊണ്ട്, തങ്ങൾ സത്യത്തോട് ഏറ്റവും അടുത്തവരാണെന്ന് അവകാശപ്പെടുന്ന സ്വൂഫികൾ, പ്രവാചകൻ (സ്വ) തന്റെ പവിത്രമായ ശരീരത്തിൽ ഇഷ്ടപ്പെടാത്ത, ജനങ്ങളോട് ധരിക്കാൻ കൽപിക്കാത്ത ഒരു വസ്തുവിന്റെ പേര് തങ്ങൾക്ക് നൽകുകയില്ല എന്നത് ഉറപ്പാണ്.

ഇനി, ഇത് 'സുഫ്ഫ' എന്നതിൽനിന്നാണ് വന്നതെന്ന് പറയുന്നവർ, മദീന മുനവ്വറയിൽ

പ്രവാചകന്റെ പള്ളിക്കുള്ളിൽ ഉണ്ടായിരുന്ന 'അഹ്ലുസ്സുഫ്ഫ' എന്ന ഉത്തമരായ ആളുകളിലേക്ക് തങ്ങളെ ചേർത്തു പറയുകയാണ് ചെയ്യുന്നത്. മസ്ജിദുന്നബവി ആദ്യമായി നിർമിച്ചപ്പോൾ അതിന്റെ വടക്ക്-കിഴക്ക് മൂലയിൽ ഉണ്ടായിരുന്ന ഒരു സ്ഥലമായിരുന്നു സുഫ്ഫ. ഭക്ഷണവും പാർപ്പിടവും ഇല്ലാത്ത മുഹാജിറുകളെ സ്വീകരിക്കുന്നതിനോ, അല്ലെങ്കിൽ മദീനയിൽ പ്രവാചകന്റെ അടുത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന, എന്നാൽ കൈയിൽ പണമോ താമസിക്കാൻ സ്ഥലമോ ഇല്ലാത്തവർക്കോ വേണ്ടി തയ്യാറാക്കിയ സ്ഥലമായിരുന്നു അത്. അവർ പൊതുവെ വളരെ ദരിദ്രരായിരുന്നു. അഹ്ലുസ്സുഫ്ഫയുടെ ജീവിതം നോക്കിയാൽ, അവർക്ക് ആരാധനയിൽ പ്രത്യേകമായ യാതൊരു രീതിയും ഉണ്ടായിരുന്നില്ലെന്ന് കാണാം; മറിച്ച് അവർ പ്രവാചകന്റെ സുന്നത്തും ആരാധനാ രീതികളും കൃത്യമായി പിന്തുടരുന്നവരായിരുന്നു. പ്രവാചകന്റെ കാലത്തോ ഖുലഫാഉർറാശിദുകളുടെ കാലത്തോ അവർക്ക് 'സ്വൂഫികൾ' എന്ന് പേരുണ്ടായിരുന്നില്ല.

ഇനി, സ്വൂഫിസം എന്നത് 'സ്വഫാഅ്' (വിശുദ്ധി) അല്ലെങ്കിൽ 'സ്വഫ്ഫ്' (വരി) എന്നതിൽനിന്നാണ് വന്നതെന്ന് പറയുന്നതാകട്ടെ, അത് ഭാഷാപരമായതിനെക്കാൾ കാവ്യാത്മകമായ വ്യാഖ്യാനങ്ങളാണ്, അതിന് യഥാർഥ തെളിവുകളൊന്നുമില്ല.

ദശലക്ഷക്കണക്കിന് അനുയായികളും മുരീദുകളുമുള്ള ഒരു കൂട്ടമാണ് സ്വൂഫികൾ; എന്നാൽ സ്വൂഫി എന്ന പദത്തിന്റെ ഉത്ഭവം എന്താണെന്ന് ആർക്കും

**ജ്ഞാനവാദം എന്നത് എല്ലാ കാര്യങ്ങളിലും സ്വൂഫിസത്തോട് തികച്ചും സാദൃശ്യമുള്ള ഒന്നാണ്; ആന്തരിക ജ്ഞാനത്തെക്കുറിച്ചുള്ള ധ്യാനം, ലോകത്തിൽനിന്ന് പൂർണമായി വേർപെടൽ തുടങ്ങിയവ ഉദാഹരണം. അതുകൊ ണ്ടാണ് ചില പ്രമുഖ സ്വൂഫി പണ്ഡിതന്മാർ 'സ്വൂഫിസം ഗ്രീസ് വഴിയാണ് ഇസ്‌ലാമിക സമൂഹങ്ങളിൽ എത്തിയത്' എന്നു വിശ്വസിക്കുന്നത്.**

അറിയില്ല! ചരിത്രപരമായ തെളിവുകൾ സൂചിപ്പിക്കുന്നത് ഈ വാക്ക് അറബി ഭാഷയ്ക്ക് പുറത്തുനിന്നും ഇസ്‌ലാമിക ചിന്തയ്ക്ക് പുറത്തുനിന്നും കടമെടുത്തതാണെന്നാണ്. അത് രണ്ട് സ്രോതസ്സുകളിൽനിന്നാണ് വരുന്നത്, അതിൽ ഓരോന്നും മറ്റേതിനെക്കാൾ അത്ഭുതപ്പെടുത്തുന്നതാണ്.

1. *ആദ്യത്തെ ഉത്ഭവം:* ഗ്രീക്ക് പദമായ 'സോഫിയ' (Sophia) ആണ്. ഇതിന്റെ അർഥം 'ജ്ഞാനം' എന്നാണ്. ഗ്രീക്ക് തത്ത്വചിന്തകർ ഇത് വ്യാപകമായി ഉപയോഗിച്ചിരുന്നു.

2. രണ്ടാമത്തെ ഉത്ഭവം: ഹീബ്രു പദമായ 'സോഫി' (Sofi) എന്നതിൽനിന്നാണ് ഇത് ഉത്ഭവിച്ചതെന്ന് പറയപ്പെടുന്നു. ജൂതന്മാരുടെ രഹസ്യ വിജ്ഞാന സദസ്സുകളിൽ (കബാല പോലുള്ളവ) ശൈഖ് അല്ലെങ്കിൽ വഴികാട്ടി എന്നതിനാണ് ഈ പേര് വിളിച്ചിരുന്നത്.

**അറബിവത്കരിക്കപ്പെട്ട വിദേശ പദങ്ങൾ**

ഭാഷാ പണ്ഡിതന്മാർ സ്ഥിരീകരിച്ചിട്ടുള്ള കാര്യം ഇതാണ്: ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ നടന്ന വലിയ തർജമ പ്രസ്ഥാനത്തിന് ശേഷമാണ് 'സ്വൂഫി' എന്ന വാക്ക് അറബി നാവിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. അന്നത്തെ സാംസ്കാരിക അന്തരീക്ഷവും തർജമകളുടെ ഒഴുക്കും അറബിയിതര ഭാഷകളിലെ പല വാക്കുകളും അറബിവത്കരിക്കാനും അറബി ഡിക്ഷ്ണറിയുടെ ഭാഗമാക്കാനും കാരണമായി. ഉദാഹരണത്തിന്: ഫൽസഫഃ (തത്ത്വചിന്ത), മൂസീഖാ (സംഗീതം), അസ്ത്വർലാബ് (ആസ്ട്രോലേബ്) തുടങ്ങിയ വാക്കുകൾ യഥാർഥ അറബി വാക്കുകളല്ല, അറബിവത്കരിക്കപ്പെട്ടവയാണ്. അതിനാൽ അവയുടെ കൂട്ടത്തിൽ 'സ്വൂഫി' എന്ന വാക്ക് പ്രത്യക്ഷപ്പെട്ടത് വിചിത്രമായ ഒന്നല്ല.

ബഹുമുഖ പ്രതിഭയും തത്ത്വചിന്തകനും സഞ്ചാരിയുമായ അബൂറയ്ഹാൻ അൽബിറൂനി (പല ഭാഷ

കളിൽ പ്രാവീണ്യമുള്ളയാൾ) പറയുന്നത് കാണാം: “ഗ്രീക്ക് ഭാഷയിൽ ‘സൂഫ്’ എന്നാൽ ജ്ഞാനം എന്നാണ്. അതിൽനിന്നാണ് ഫിലസോഫർ (ഫയലസൂഫ്) എന്ന പേര് വന്നത്. ഇസ്‌ലാമിൽ ഒരുകൂട്ടർ അവരുടെ (ഗ്രീക്കുകാരുടെ) അഭിപ്രായത്തോട് അടുത്തപ്പോൾ അവരും ആ പേരിൽ വിളിക്കപ്പെട്ടു.”

അതായത്, തർജമ പ്രസ്ഥാനങ്ങൾ വ്യാപിച്ചതോടെ അറബികളും മുസ്‌ലിംകളും തങ്ങൾക്ക് മുമ്പ് പേരില്ലാതിരുന്ന പുതിയ പ്രതിഭാസങ്ങൾക്കും ഗ്രൂപ്പുകൾക്കും വിദേശ നാമങ്ങൾ നൽകാൻ തുടങ്ങി. എന്നാൽ സംശയാസ്പദമായ കാര്യം എന്തെന്നാൽ, ഈ സാദൃശ്യം പേരിൽ മാത്രമല്ലായിരുന്നു, മറിച്ച് അത് അഖീദയിലും (വിശ്വാസത്തിലും) എത്തിച്ചേർന്നു. ചില പുരാതന പാശ്ചാത്യ തത്ത്വചിന്തകളോട് അടുത്തായിരുന്നു ഈ വിശ്വാസം. അതിലൊന്നാണ് ഗ്രീസിലെ ‘എലൂസിനിയൻ രഹസ്യങ്ങൾ’ (Eleusinian Mysteries). ഗ്രീക്ക് പുരാണങ്ങളിലെ ഡിമീറ്റർ (Demeter) ദേവതയെ ആരാധിക്കുന്നതിനുള്ള സ്വൂഫി രീതിയിലുള്ള ആചാരങ്ങൾ അതിൽ കാണാം. ദൈവങ്ങളുമായി ഐക്യപ്പെടുക (ഇത്തിഹാദ്) എന്ന ലക്ഷ്യത്തോടെയുള്ള സംഗീതം, നൃത്തം, നിലവിളികൾ എന്നിവ അതിലുണ്ടായിരുന്നു.

ഈ സാദൃശ്യം ‘ജ്ഞാനവാദം’ (Gnosticism) എന്ന ആശയത്തോടും തുടർന്നു. ജ്ഞാനവാദം എന്നത് എല്ലാ കാര്യങ്ങളിലും സ്വൂഫിസത്തോട് തികച്ചും സാദൃശ്യമുള്ള ഒന്നാണ്; ആന്തരിക ജ്ഞാനത്തെക്കുറിച്ചുള്ള ധ്യാനം, ലോകത്തിൽനിന്ന് പൂർണമായി വേർപെടൽ തുടങ്ങിയവ ഉദാഹരണം. അതുകൊണ്ടാണ് ചില പ്രമുഖ സ്വൂഫി പണ്ഡിതന്മാർ ‘സ്വൂഫിസം ഗ്രീസ് വഴിയാണ് ഇസ്‌ലാമിക സമൂഹങ്ങളിൽ എത്തിയത്’ എന്നു

**‘സ്വൂഫി’ എന്ന വാക്ക് ഗ്രീക്ക് ഭാഷയിൽനിന്ന് കടമെടുത്തത് മാത്രമല്ല, അത് തത്ത്വചിന്താപരമായ പാക്കേജോടെയാണ് വന്നത്. അത് ഇസ്‌ലാമിക-അറബി പൊതുബോധത്തിലേക്ക് കടന്നുവന്നത് തർജമകളുടെയും മറ്റു സംസ്കാരങ്ങളിലേക്കുള്ള തുറന്നിടലുകളുടെയും കാലഘട്ടത്തിലാണ്. ജാഹിലിയ്യ കാലത്തോ, പ്രവാചകന്റെ (സ്വ) കാലത്തോ, സ്വഹാബികളുടെയോ താബിഉകളുടെയോ കാലത്തോ ഇത് ഉണ്ടായിരുന്നില്ല എന്നത് ഉറപ്പാണ്.**

വിശ്വസിക്കുന്നത്.

ശിഹാബുദ്ദീൻ അസ്സുഹ്റവർദി താൻ ‘സ്വപ്നത്തിൽ അരിസ്റ്റോട്ടിലിനെ കാണുകയും തസവ്വുഫിന്റെ ഖുതുബുകളെക്കുറിച്ച് (നേതാക്കളെക്കുറിച്ച്) ചോദിക്കുകയും ചെയ്തു’ എന്നു പറയുന്നുണ്ട്. അതെ, ഗ്രീസിലെ അതേ അരിസ്റ്റോട്ടിൽ! അൻഡലൂസിയക്കാരനായ അബുൽഹസൻ അശ്ശുശ്തരി പ്ലേറ്റോ, സോക്രട്ടീസ്, അരിസ്റ്റോട്ടിൽ എന്നിവരെ അൽഹല്ലാജിനൊപ്പം ഒരേ പദവിയിലാണ് പ്രതിഷ്ഠിക്കുന്നത്; അവരെയെല്ലാം ജ്ഞാനത്തിന്റെ ശൈഖുമാരായിട്ടാണ് അദ്ദേഹം കണക്കാക്കുന്നത്.

ചുരുക്കത്തിൽ, ‘സ്വൂഫി’ എന്ന വാക്ക് ഗ്രീക്ക് ഭാഷയിൽനിന്ന് കടമെടുത്തത് മാത്രമല്ല, അത് തത്ത്വചിന്താപരമായ പാക്കേജോടെയാണ് വന്നത്. അത് ഇസ്‌ലാമിക-അറബി പൊതുബോധത്തിലേക്ക് കടന്നുവന്നത് തർജമകളുടെയും മറ്റു സംസ്കാരങ്ങളിലേക്കുള്ള തുറന്നിടലുകളുടെയും കാലഘട്ടത്തിലാണ്. ജാഹിലിയ്യ കാലത്തോ, പ്രവാചകന്റെ(സ്വ) കാലത്തോ, സ്വഹാബികളുടെയോ താബിഉകളുടെയോ കാലത്തോ ഇത് ഉണ്ടായിരുന്നില്ല എന്നത് ഉറപ്പാണ്.

അന്ന് സംഭവിച്ചത് ഇത്രമാത്രമാണ്: വിശാലമായ ഇസ്‌ലാമിക സാമ്രാജ്യത്തിലുടനീളം ‘സുഹ്ഹാദ്’ (ഭൗതികവിരക്തർ) അല്ലെങ്കിൽ ‘ഉബ്ബാദ്’ (ആരാധനകളിൽ മുഴുകിയവർ) എന്നറിയപ്പെടുന്ന ചില ഗ്രൂപ്പുകൾ ഉണ്ടായിരുന്നു. എങ്ങനെയോ അവരുടെ സുഹ്ദും ആരാധനയും നമ്മൾക്കറിയാവുന്ന, ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്ന സുഹ്ദിൽനി

**പ്രശ്നം സ്വൂഫികൾ കടമെടുത്ത സ്രോതസ്സുകളുടെ വൈവിധ്യം മാത്രമല്ലായിരുന്നു. ഓരോ സ്വൂഫിയും വ്യത്യസ്ത ആശയങ്ങൾ കൊണ്ടുവന്നു എന്നതുമാത്രമല്ല, മറിച്ച് തത്ത്വങ്ങളുടെ പരസ്പര വൈരുധ്യമായിരുന്നു. എന്താണ് ഈ തസവ്വുഫ്? ഒരു രഹസ്യ ആരാധനയോ, തത്ത്വചിന്താപരമായ ചിന്തയോ, ഒരു മാനസികാവസ്ഥയോ, അതോ ഒരു പാതയോ (ത്വരീഖത്ത്)? യഥാർഥത്തിൽ സ്വൂഫികൾ ഇതിൽ ഒന്നിനും യോജിക്കുന്നില്ല. ഇതിൽ ഏതാണോ നിങ്ങൾക്ക് തോന്നുന്നത്, അതുതന്നെ എന്ന് പറഞ്ഞ് തൃപ്തിപ്പെടാം!**

ന്ന് അൽപം അകലേക്ക് പോയി. അവർ മറ്റു നാഗരികതകളിലെ മറ്റു ഗ്രൂപ്പുകളെപ്പോലെ ആരാധനാരീതികളിലും സുഹ്ദിലും സമാനമാകാൻ തുടങ്ങി. അങ്ങനെ മറ്റു നാഗരികതകളിലെ ആ ഗ്രൂപ്പുകൾക്ക് വിളിക്കപ്പെട്ടിരുന്ന അതേ പേര് ഇവർക്കും നൽകപ്പെട്ടു. അങ്ങനെ 'സുഹ്ഹാദ്,' 'ഉബ്ബാദ്' എന്ന പോലുള്ള പേരുകൾക്ക് പകരം അവർ 'സ്വൂഫികൾ' എന്ന് അറിയപ്പെടാൻ തുടങ്ങി.

### നിർവചനങ്ങളിലെ വൈവിധ്യവും തർക്കങ്ങളും

സ്വൂഫിസത്തിന്റെ നിർവചനം തന്നെ തർക്കവിഷയമാണ്. തസവ്വുഫിനെ പുറത്തുനിന്ന് വിമർശിച്ച പണ്ഡിതന്മാർക്കിടയിൽ മാത്രമല്ല, സ്വൂഫി പണ്ഡിതന്മാർക്കും നേതാക്കൾക്കും ഇടയിൽ തന്നെയാണ് ഈ തർക്കം. സ്വൂഫികൾ തസവ്വുഫിന് ഒരൊറ്റ നിർവചനത്തിൽ യോജിച്ചിട്ടില്ല, ഓരോരുത്തരും അവരവരുടെ രീതിയിൽ ഓരോ നിർവചനം നൽകി.

സ്വൂഫി പ്രമുഖനായ ജുനൈദുൽ ബഗ്ദാദിയോട് തസവ്വുഫിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'യാതൊരു ബന്ധവുമില്ലാതെ നീ അല്ലാഹുവോടൊപ്പം ആയിരിക്കുക എന്നതാണ്.' മറ്റൊരു സ്ഥലത്ത് അദ്ദേഹം പറഞ്ഞു: 'തസവ്വുഫ് എന്നത് സമാധാനമില്ലാത്ത ഒരു ഉടമ്പടിയാണ്.' ഇതേ ജുനൈദ് തന്നെ മൂന്നാമതൊരു നിർവചനത്തിൽ പറഞ്ഞു: 'സൃഷ്ടികളോട് യോജിക്കുന്നതിൽനിന്ന് ഹൃദയത്തെ ശുദ്ധീകരിക്കലും പ്രകൃതിപരമായ സ്വഭാവങ്ങളിനിന്ന് വേർപെടലുമാണ്.' ജുനൈദിന് മാത്രം സ്വൂഫിസത്തിന് മൂന്ന് നിർവചനങ്ങൾ!

നമുക്ക് ജുനൈദിനെ വിട്ട് തസവ്വുഫിന്റെ മറ്റൊരു പ്രമുഖനിലേക്ക് പോകാം. ഹിജ്റ മൂന്നാം നൂറ്റാണ്ടിലെ സ്വൂഫി പ്രമുഖനായ സമ്നൂൻ ഇബ്നു ഹംസയുടെ വാക്കുകൾ കേൾക്കാം. അദ്ദേഹം തസവ്വുഫിനെ നിർവചിക്കുന്നത് ഇങ്ങനെയാണ്: 'നീ ഒന്നിന്റെയും ഉടമയാകാതിരിക്കലും, നിന്നെ ആരും ഉടമപ്പെടുത്താതിരിക്കലുമാണ്.' അദ്ദേഹത്തിന്റെ മറ്റൊരു നിർവചനം ഇപ്രകാരമാണ്: 'മനുഷ്യവർഗത്തിലെ പൂർണതയുള്ള ആളുകൾ തങ്ങളുടെ സൗഭാഗ്യത്തിന്റെ പടവുകളിൽ എങ്ങനെ ഉന്നതിയിലേക്ക് ഉയരുന്നു എന്ന് മനസ്സിലാക്കുന്ന വിജ്ഞാനമാണ് തസവ്വുഫ്.'

കൗതുകകരമായ കാര്യം എന്തെന്നാൽ, തസവ്വുഫിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിജ്ഞാനകോശമായ 'കിതാബുല്ലുമഅ്' എഴുതിയ, സ്വൂഫികളുടെ ചരിത്രവും തത്ത്വങ്ങളും വിവരിച്ച അബൂനസ്ർ അസ്സർറാജ് അത്തൂസി പറഞ്ഞു: 'തസവ്വുഫിന്റെ നിർവചനങ്ങൾ നൂറിലധികം വരും.'

കൊല്ലപ്പെട്ട സുഹ്റവർദിയുടെ അഭിപ്രായത്തിൽ അത് ആയിരത്തിലധികം വരുമെന്നാണ്. രണ്ടായിരത്തിലധികം വരുമെന്ന് പറഞ്ഞവരുമുണ്ട്. ഇവയെല്ലാം പരസ്പരവിരുദ്ധമായ നിർവചനങ്ങളാണ്.

ഇവിടെ ചിലർ ചോദിച്ചേക്കാം: 'ഇതൊരു നല്ല കാര്യമല്ലേ? വൈവിധ്യം എന്നത് നല്ലതും ആരോഗ്യകരവുമായ ഒരു കാര്യമല്ലേ?' യഥാർഥത്തിൽ സ്വൂഫിസത്തിന്റെ കാര്യത്തിൽ ഈ വൈവിധ്യം ആരോഗ്യകരമായ ഒന്നല്ല. ഓരോ ശൈഖും തസവ്വുഫിനെ നിർവചിക്കുന്നത് തന്റെ വ്യക്തിപരമായ അനുഭവത്തിൽനിന്നോ അവസ്ഥയിൽ

നിന്നോ ആണ് എന്നതിനാലാണ് ഈ വൈവിധ്യമുണ്ടാകുന്നത്. ഇത് നമ്മെ ഒരു ചോദ്യത്തിലേക്ക് നയിക്കുന്നു: 'തസവ്വുഫിന് ഒരു വസ്തുനിഷ്ഠമായ (objective) നിർവചനമുണ്ടോ, അതോ തസവ്വുഫ് എന്നത് ഓരോരുത്തർക്കും വ്യത്യസ്തമായി നിർവചിക്കാൻ കഴിയുന്ന ഒരു വ്യക്തിപരമായ അവസ്ഥ മാത്രമാണോ? ഇത് വ്യക്തമായ തത്ത്വങ്ങളുള്ള ഒരു മദ്ഹബാണോ (സിദ്ധാന്തം), അതോ വികാരങ്ങളിലും വ്യക്തിപരമായ ആസ്വാദനങ്ങളിലും (അദ്‌വാക്) അധിഷ്ഠിതമാണോ?

### സ്വൂഫിസത്തിന്റെ ഉത്ഭവവും പരിണാമവും

യഥാർഥത്തിൽ ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നമ്മൾ സ്വൂഫിസത്തിന്റെ ഉത്ഭവം പരിശോധിക്കാൻ നിർബന്ധിതരാണ്. ഹിജ്റ രണ്ടാം നൂറ്റാണ്ടിലാണ് 'സ്വൂഫി' എന്ന വാക്ക് വ്യാപിക്കാൻ തുടങ്ങിയത്. ചില സ്വൂഫികൾ പറയുന്നത് ഈ ലഖബ് (പേര്) ആദ്യമായി നൽകപ്പെട്ടത് ഇസ്‌ലാമിലെ പ്രമുഖ പണ്ഡിതനും ആദ്യകാല ഖാദിമാരിൽ ഒരാളുമായിരുന്ന ഹസനുൽ ബസ്വരിക്കാണ് എന്നാണ്. അദ്ദേഹം ഹിജ്റ ഒന്നാം നൂറ്റാണ്ടിലെയും രണ്ടാം നൂറ്റാണ്ടിലെയും ഏറ്റവും പ്രമുഖനായ പണ്ഡിതനാ യിരുന്നു. മറ്റ് ചില സ്വൂഫികൾ പറയുന്നത് ഈ പേര് ആദ്യമായി ലഭിച്ചത് അന്നത്തെ മറ്റൊരു പ്രധാന പണ്ഡിതനായിരുന്ന അബൂ ഹിശാം അൽകൂഫിക്കാണ് എന്നാണ്. വേറെ ചിലർ കരുതുന്നത് കൂഫയിലും അലക്സാണ്ട്രിയയിലും ഉണ്ടായ 'സുഹ്ഹാദുകളുടെ വിപ്ലവ'ത്തോടെയാണ് ഈ വാക്ക് വ്യാപിച്ചതെന്നാണ്. അതൊരു വലിയ കഥയാണ്.

എന്നാൽ ഇബ്നുൽ ജൗസി തന്റെ സുപ്രധാന ഗ്രന്ഥമായ 'തൽബീസു ഇബ്‌ലീസ്' (ഇബ്‌ലീസിന്റെ വഞ്ചന) എന്ന പുസ്തകത്തിൽ പറയുന്നത് ഇങ്ങനെയാണ്: "സ്വൂഫിസത്തിന്റെ തുടക്കം സുഹ്ദിൽനിന്നും ആരാധനയിൽ നിന്നുമായിരുന്നു, പിന്നീട് ഇബ്‌ലീസ് അതിൽ പ്രവേശിച്ച് വഴിതെറ്റിച്ചു. ഓരോ നൂറ്റാണ്ട് കഴിയുമ്പോഴും സ്വൂഫികൾക്കിടയിലെ വ്യതിയാനം കൂടിക്കൂടി വരികയാണുണ്ടായത്. അങ്ങനെ സ്വൂഫികൾക്കിടയിൽ വിചിത്രമായ ആശയങ്ങൾ പ്രത്യക്ഷപ്പെട്ടു, അത് സ്വൂഫിസത്തെ മതത്തിനുള്ളിലെ ഒരു ഗ്രൂപ്പ് എന്നതിൽനിന്ന് മതത്തിന് സമാന്തരമായ മറ്റൊരു മതമാക്കി മാറ്റാൻ പര്യാപ്തമായിരുന്നു."

ഇബ്നുൽ ജൗസി(റഹി) പറയുന്നു: "തസവ്വുഫ് പല ഘട്ടങ്ങളിലൂടെ കടന്നുപോയി. അതൊരു ലളിതമായ സുഹ്ദായി ആരംഭിച്ചു, പിന്നീട് കാലക്രമേണ ഈ സുഹ്ദ് വികസിക്കുകയും വ്യത്യസ്ത പശ്ചാത്തലങ്ങളിൽനിന്നും സംസ്കാരങ്ങളിൽനിന്നും വന്ന ആളുകളുടെ കൈകളിൽ പുതിയ രൂപം കൈക്കൊള്ളുകയും ചെയ്തു. അവരിൽ ചിലർ ഗ്രീക്ക് തത്ത്വചിന്തയാൽ സ്വാധീനിക്കപ്പെട്ടു, പലരും ഹിന്ദുമതത്താലും മജൂസി(പാർസി) മതത്താലും സ്വാധീനിക്കപ്പെട്ടു. ചിലർ ക്രിസ്തുമതത്തിൽനിന്ന് 'സന്യാസം' (റഹ്ബാനിയ്യത്ത്) പോലുള്ള ആശയങ്ങൾ കൊണ്ടുവന്നു. ഓരോരുത്തരും തങ്ങൾ അനുഭവിക്കുന്ന ആത്മീയ അവസ്ഥയ്ക്ക് അനുയോജ്യമായ ആശയങ്ങൾ വ്യത്യസ്ത വിശ്വാസങ്ങളിൽനിന്നും സംസ്കാരങ്ങളിൽനിന്നും എടുക്കാൻ തുടങ്ങി."

പ്രശ്നം സ്വൂഫികൾ കടമെടുത്ത സ്രോതസ്സുകളുടെ വൈവിധ്യം മാത്രമല്ലായിരുന്നു. ഓരോ സ്വൂഫിയും വ്യത്യസ്ത ആശയങ്ങൾ കൊണ്ടുവന്നു എന്നതു മാത്രമല്ല, മറിച്ച് തത്ത്വങ്ങളുടെ പരസ്പര വൈരുധ്യമായിരുന്നു. ഒരു സ്വൂഫി ശൈഖ് പറയും: 'തസവ്വുഫ് എന്നാൽ ജസദിന്റെ (ശരീരത്തിന്റെ) എല്ലാ ഭാഗ്യങ്ങളും ഉപേക്ഷിക്കലാണ്.' അതേസമയം മറ്റൊരു ശൈഖ് പറയും: 'തന്റെ ഹൃദയത്തിൽനിന്ന് യാതൊന്നും മറക്കപ്പെടാത്തവനാണ് സ്വൂഫി.' അപ്പോൾ ഇതിൽ ആരാണ് യഥാർഥ സ്വൂഫി? ഈ കാര്യങ്ങൾ കൂടുതൽ ആഴത്തിലുള്ള ചോദ്യങ്ങൾ ഉയർത്താൻ തുടങ്ങി: എന്താണ് ഈ തസവ്വുഫ്? ഒരു രഹസ്യ ആരാധനയോ, തത്ത്വചിന്താപരമായ ചിന്തയോ, ഒരു മാനസികാവസ്ഥയോ, അതോ ഒരു പാതയോ (ത്വരീഖത്ത്)? യഥാർഥത്തിൽ സ്വൂഫികൾ ഇതിൽ ഒന്നിനും യോജിക്കുന്നില്ല. ഇതിൽ ഏതാണോ നിങ്ങൾക്ക് തോന്നുന്നത്, അതു തന്നെ എന്ന് പറഞ്ഞ് തൃപ്തിപ്പെടാം!

*(തുടരും)*




# യു.ഡി.എഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും

സി മുഹമ്മദ് അജ്മൽ
: 8124301015

**UDF മാനിഫെസ്റ്റോ ഇതിന് എന്ത് പരിഹാരമാണ് നിർദ്ദേശിക്കുന്നത്?**

കുട്ടികൾ പുറത്തേക്ക് പോകുന്നത് തടയാൻ കേരളത്തിൽ തന്നെ ലോകോത്തര പഠനസൗകര്യങ്ങൾ ഒരുക്കുമെന്നാണ് യുഡിഎഫ് മാനിഫെസ്റ്റോ പറയുന്നത്. അതിനായി ചില വലിയ ആശയങ്ങൾ അവർ മുന്നോട്ടുവെക്കുന്നുണ്ട്:

- നോളജ് സിറ്റികൾ (Knowledge Cities)
- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (KIT)
- സർവകലാശാലകൾ തമ്മിലുള്ള ക്രെഡിറ്റ് ട്രാൻസ്ഫർ സൗകര്യം.
- കെ.ആർ. നാരായണൻ സ്കോളർഷിപ്പ്.
- കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകാൻ എഡ്യൂക്കേഷണൽ ഫിനാൻഷ്യൽ കോർപ്പറേഷൻ.
- ജോബ് വാച്ച് ടവർ (Job Watch Tower)
- വിദേശഭാഷാ പരിശീലന കേന്ദ്രങ്ങൾ.

ഇവയെല്ലാം വളരെ നല്ല ആശയങ്ങളാണ്. നോളജ് സിറ്റികളും KIT പോലെയുള്ള സ്ഥാപനങ്ങളും ദീർഘകാലടിസ്ഥാനത്തിൽ ഗുണം ചെയ്യും. ക്രെഡിറ്റ് ട്രാൻസ്ഫർ കുട്ടികൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകും. ജോബ് വാച്ച്

**സർക്കാർ പണം നൽകി ഒരു വിദ്യാർഥിയെ വിദേശത്തെ ഒരു മോശം കോളേജിലേക്ക് അയക്കുകയും, അവിടെ കോഴ്സ് കഴിഞ്ഞ് ജോലി കിട്ടാതെ വലിയ കടവുമായി കുട്ടി നാട്ടിലേക്ക് തിരിച്ചുവരികയും ചെയ്താൽ, പേപ്പറിൽ 'സ്കോളർഷിപ്പ് വിതരണം ചെയ്തു' എന്ന് കാണിക്കാം, എന്നാൽ ആ കുടുംബം പൂർണമായും തകരുകയേയുള്ളൂ.**

ടവർ ഭാവിയിലെ തൊഴിൽ സാധ്യതകൾ പ്രവചിക്കാൻ സഹായിക്കും. ഇവ എങ്ങനെ നന്നായി നടപ്പിലാക്കാം എന്നാണ് ആലോചിക്കേണ്ടത്.

എന്നാലും ചില അന്ധബിന്ദുക്കൾ (blind spots) കാണാതിരിക്കാനാവില്ല. കെ.ആർ. നാരായണൻ സ്കോളർഷിപ്പ് കുട്ടികളെ വിദേശത്ത് പോയി പഠിക്കാൻ സഹായിക്കുന്നതാണ്. എഡ്യൂക്കേഷണൽ ഫിനാൻഷ്യൽ കോർപ്പറേഷൻ കുറഞ്ഞ പലിശയ്ക്ക് ലോണുകളും നൽകും. പക്ഷേ, ഇതിൽ കൃത്യമായ ഒരു ഗുണനിലവാര ഫിൽട്ടർ (Quality Filter) ഉണ്ടോ? കുട്ടി ഏത് വിദേശ സർവകലാശാലയിലേക്കാണ് പോകുന്നത് എന്ന് പരിശോധിക്കുന്നുണ്ടോ? ആ യൂണിവേഴ്സിറ്റിക്ക് കൃത്യമായ അക്രെഡിറ്റേഷൻ ഉണ്ടോ? ആ കോഴ്സിന് തൊഴിൽ സാധ്യതയുണ്ടോ? അവിടുത്തെ വിസനിയമങ്ങൾ അനുകൂലമാണോ? കൺസൾട്ടന്റിന്റെ കമ്മീഷൻ എത്രയെന്ന് വ്യക്തമാക്കുന്നുണ്ടോ?

ഇവയൊന്നും പരിശോധിക്കുന്നില്ലെങ്കിൽ, ഈ സഹായങ്ങൾ യഥാർഥത്തിൽ തെറ്റായ വിദേശ കുടിയേറ്റങ്ങളെ പ്രോത്സാഹിപ്പിക്കാൻ മാത്രമെ സഹായിക്കൂ. സർക്കാർ പണം നൽകി ഒരു വിദ്യാർഥിയെ വിദേശത്തെ ഒരു മോശം കോളേജിലേക്ക് അയക്കുകയും, അവിടെ കോഴ്സ് കഴിഞ്ഞ് ജോലി കിട്ടാതെ വലിയ കടവുമായി കുട്ടി നാട്ടിലേക്ക് തിരിച്ചുവരികയും ചെയ്താൽ, പേപ്പറിൽ 'സ്കോളർഷിപ്പ് വിതരണം ചെയ്തു' എന്ന് കാണിക്കാം, എന്നാൽ ആ കുടുംബം പൂർണമായും തകരുകയേയുള്ളൂ.

മാനിഫെസ്റ്റോ കുട്ടികൾ എന്തുകൊണ്ട് നാടുവിടുന്നു എന്നതിന്റെ പകുതി ഭാഗം ചർച്ച ചെയ്യുന്നുണ്ട്, പക്ഷേ, അവർ ചെന്നെത്തുന്ന വിദേശത്തെ കെണികളെക്കുറിച്ച് മൗനം പാലിക്കുന്നു.

**എല്ലാ കുടിയേറ്റങ്ങളും ഒരേപോലെയല്ല**
(Segmentation of Migration)

മേധാവിത്വ ചോർച്ചയെക്കുറിച്ച് സംസാരിക്കുമ്പോൾ നമ്മൾ എല്ലാ വിദ്യാർഥികളെയും ഒരേ തട്ടിലാണ് കാണുന്നത്. അത് തെറ്റായ രീതിയാണ്. കുട്ടികളെ അവരുടെ ലക്ഷ്യങ്ങൾക്കനുസരിച്ച് മൂന്നായി തിരിക്കാം:

**വിഭാഗം 1**

*മികച്ച പ്രതിഭകൾ (Top Talent)*

മിടുക്കനായ ഒരു വിദ്യാർഥി എംഐടിയിലോ ഓക്സ്ഫോർഡിലോ പഠിക്കാൻ പോകുന്നത് മേധാവിത്വ ചോർച്ചയല്ല, അതൊരു ബുദ്ധിപരമായ നിക്ഷേപമാണ് (Brain Investment). Erasmus Mundus, Fulbright, DAAD, Chevening, Rhodes തുടങ്ങിയ സ്കോളർഷിപ്പുകൾ യുജി തലം മുതൽ ഗവേഷണം വരെ ലഭിക്കാവുന്ന രീതിയിലുള്ള പ്രോഗ്രാമുകൾ LSS, USS, NMMS തുടങ്ങിയ മത്സര പരീക്ഷകൾ വിജയിച്ച കുട്ടികൾക്കായി നടപ്പിലാക്കണം. ഒളിമ്പ്യാഡുകൾക്ക് പ്രത്യേക പരിശീലനം തിരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകണം. ലോകോത്തര സർവകലാശാലകളിലേക്കും ഐഐടികളിലേക്കും ഐഐഎസ്സിയിലേക്കും പോകുന്ന കുട്ടികളെ നമ്മൾ തടയേണ്ടതില്ല. പകരം അവരുമായി മികച്ച ബന്ധം പുലർത്തണം. ഇതിനായി ഒരു 'കേരള ഡയസ്പോറ അക്കാദമിക് നെറ്റ്‌വർക്ക്' രൂപീകരിക്കണം. പഠനം കഴിഞ്ഞ് തിരിച്ചുവരുന്ന ഗവേഷകർക്ക് ഗ്രാന്റുകൾ നൽകണം. സ്റ്റാർട്ടപ്പ് ഫണ്ടിംഗും ലാബ് സൗകര്യങ്ങളും ഒരുക്കണം. നോളജ് സിറ്റി പോലുള്ള ഇടങ്ങളെ ഇവർക്ക് നാട്ടിലേക്ക് തിരിച്ചുവരാനുള്ള പ്ലാറ്റ്ഫോമുകളാക്കി മാറ്റണം.

**വിഭാഗം 2**

മികച്ച തൊഴിൽ തേടി ബംഗളൂരുവിലേക്കും ഹൈദരാബാദി

**മേധാവിത്വ ചോർച്ച എന്നാൽ നമ്മുടെ ഏറ്റവും മിടുക്കരായ കുട്ടികൾ മാത്രം നാടുവിടുന്നതല്ല; മറിച്ച്, ശരാശരി വിദ്യാർഥികൾ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വലിയ കടമെടുത്ത്, മോശം കോളേജുകളിലേക്ക് പോകുന്നതിനെക്കൂടിയാണ്. മിടുക്കരായ കുട്ടികൾ വിദേശത്ത് പോയാലും വലിയൊരു പങ്ക് തിരിച്ചുവരും. പക്ഷേ, മറ്റുള്ളവർക്ക് സംരക്ഷണവും കൃത്യമായ വിവരങ്ങളും മികച്ച ഓപ്ഷനുകളും നാട്ടിൽതന്നെ നൽകേണ്ടതുണ്ട്.**

ലേക്കും പോകുന്നവർ

ഇവർക്കുള്ള പരിഹാരം അക്കാദമിക് മാത്രമല്ല, സാമ്പത്തികംകൂടിയാണ്. കേരളത്തിലെ കോളേജുകളിൽ വന്ന് പ്രമുഖ കമ്പനികൾ 810 LPA ശമ്പളമുള്ള ജോലികൾ ഓഫർ ചെയ്താൽ ഈ നാടുവിടൽ വലിയ തോതിൽ കുറയും. ഇതിനായി നമ്മുടെ മികച്ച 30 കോളേജുകൾക്കെങ്കിലും പൂർണ്ണ സ്വയംഭരണാവകാശം (Autonomy) നൽകണം. സിലബസ് എല്ലാ വർഷവും പുതുക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് വേണം. വ്യവസായ സ്ഥാപനങ്ങളുമായി നേരിട്ട് പങ്കാളിത്തമുണ്ടാക്കാനും ഫാക്കൽറ്റികളെ നിയമിക്കാനും അവരെ അനുവദിക്കണം. കൊച്ചി/കോഴിക്കോട്/ തിരുവനന്തപുരം ഐടി മേഖല വിപുലീകരിക്കണം. നിലവിലുള്ള 1.5 ലക്ഷം ഐടി ജോലികൾ അടുത്ത ദശകത്തിൽ 5 ലക്ഷമായി ഉയർന്നില്ലെങ്കിൽ ബംഗളൂരുവിന്റെ സാമ്പത്തിക ആകർഷണത്തെ ചെറുക്കാൻ കേരളത്തിന് കഴിയില്ല.

**വിഭാഗം 3**

*തെറ്റായ കാരണങ്ങളാൽ വിദേശത്തേക്ക് പോകുന്ന ശരാശരി വിദ്യാർഥികൾ*

നമ്മുടെ ഉടനടി ഇടപെടൽ ആവശ്യമായിട്ടുള്ളത് ഈ വിഭാഗത്തിലാണ്. ഇവർ പോകുന്നത് ഓക്സ്ഫോർഡിലേക്കോ ഹാർവാർഡിലേക്കോ അല്ല, ആരും കേട്ടിട്ടില്ലാത്ത വിദേശത്തെ ചെറുകിട കോളേ ജുകളിലേക്കാണ്. കൺസൾട്ടന്റുമാരുടെ വാക്കു കേട്ട്, കൃത്യമായ തിരിച്ചടവ് ശേഷിയില്ലാതെ വലിയ തുക ലോണെടുത്ത്, കാലഹരണപ്പെട്ട വിസ നിയമങ്ങൾ വിശ്വസിച്ചാണ് ഇവർ പോകുന്നത്.

ഇവർക്കായി സർക്കാർ ചില കാര്യങ്ങൾ അടിയന്തരമായി ചെയ്യണം:

- ഒരു 'കേരള എഡ്യൂക്കേഷൻ മൈഗ്രേഷൻ അഡൈ്വസറി' (Education Migration Advisory) രൂപീകരിക്കുക.
- വിദേശത്ത് പോകുന്നവർക്ക് നിർബന്ധിത കൗൺസിലിംഗ് (Pre-departure counselling) നൽകുക.
- വിദേശ സർവകലാശാലകളുടെ ഒരു ഗുണനിലവാര സൂചിക (Quality Index) പ്രസിദ്ധീകരിക്കുക.
- എഡ്യൂക്കേഷൻ കൺസൾട്ടന്റുകൾക്ക് കൃത്യമായ ലൈസൻസിംഗ് ഏർപ്പെടുത്തുക.
- ഒളിച്ചുവെച്ച കമ്മീഷൻ ഇടപാടുകൾ നിരോധിക്കുക.
- സർക്കാർ സ്കോളർഷിപ്പുകളും ലോണുകളും കോളേജുകളുടെ ഗുണനിലവാരവുമായി ബന്ധിപ്പിക്കുക.

'വിദേശത്തുള്ള മലയാളി വിദ്യാർഥികൾ' എന്ന പേരിൽ വാർഷിക റിപ്പോർട്ട് പുറത്തുവിടുക. കൃത്യമായ വിവരങ്ങൾ കുട്ടികളെ തെറ്റായ തീരുമാനങ്ങളിൽ നിന്ന് രക്ഷിക്കും.

**ചില ലളിതമായ കണക്കുകൾ**

ഒരു മലയാളി കുടുംബം ഏകദേശം 50 ലക്ഷം രൂപ ചെലവഴിച്ച് യുകെയിലെ ഒരു സാധാരണ കോളേജിൽ പഠിക്കാൻ പോകുന്നു എന്ന് കരുതുക. ഇതൊരു വലിയ നിക്ഷേപ പന്തയമാണ് (Investment bet). അഞ്ച് വർഷം മുമ്പ് ഈ പന്തയം പലർക്കും ലാഭകരമായിരുന്നു; കാരണം അന്ന് വിസ നിയമങ്ങൾ എളുപ്പമായിരുന്നു, മികച്ച ശമ്പളമുള്ള ജോലികൾ കിട്ടുമായിരുന്നു, 3-4 വർഷംകൊണ്ട് എടുത്ത കാശ് തിരിച്ചുകിട്ടുമായിരുന്നു.

പക്ഷേ, ഇന്ന് അവസ്ഥ മാറി. വിസ കാലാവധി കുറ

ഞ്ഞു, ശമ്പള പരിധി ഉയർത്തി, ലിവിങ് കോസ്റ്റും വാടകയും ഇരട്ടിയായി. ഇന്ന് ആ തുക തിരിച്ചുപിടിക്കണമെങ്കിൽ 7 വർഷമോ അതിലധികമോ വേണം, ചിലപ്പോൾ ഒരിക്കലും കഴിഞ്ഞെന്നും വരില്ല.

മറുവശത്ത്, കോഴിക്കോട് എൻഐടിയിൽനിന്ന് പഠിച്ചിറങ്ങുന്ന ഒരു കമ്പ്യൂട്ടർ സയൻസ് ബിരുദ ധാരിക്ക് പ്രതിവർഷം 15 ലക്ഷം രൂപയുടെ പാക്കേജാണ് ശരാശരി ലഭിക്കുന്നത്. അവർക്ക് വിദേശ കടബാധ്യതകളില്ല, കരിയർ നേരത്തെ തുടങ്ങാം, സമ്പാദ്യം വേഗത്തിൽ വളരും. തിരുവനന്തപുരം സിഇടി യിൽനിന്ന് 6-8 ലക്ഷം രൂപയുടെ ശമ്പളത്തിൽ കരിയർ തുടങ്ങുന്ന ഒരു കുട്ടിപോലും, 50 ലക്ഷം കടമെടുത്ത് യുകെയിൽ ജോലിയില്ലാതെ ബുദ്ധിമുട്ടുന്ന കുട്ടിയെക്കാൾ സാമ്പത്തികമായി സുരക്ഷിതനാണ്.

അതുകൊണ്ട് ഓരോ കുടുംബവും സ്വയം ചോദിക്കേണ്ട ചോദ്യം ഇതാണ്: നമ്മൾ കുട്ടിയുടെ കരിയറിലാണോ നിക്ഷേപിക്കുന്നത്, അതോ വിദേശ ബിരുദം എന്ന വെറുമൊരു ഭ്രമത്തിലാണോ?

**പുതിയ സർക്കാരിനോട് നിർദേശിക്കാനുള്ളത്**

*കുട്ടികൾ നാടുവിടാനുള്ള കാരണങ്ങൾ ആദ്യം പരിഹരിക്കുക:* നോളജ് സിറ്റികളും KITയും നല്ലതാണ്. പക്ഷേ, താൽകാലിക പ്രതിസന്ധി പരിഹരിക്കാൻ സിലബസുകൾ അതിവേഗം പുതുക്കുകയും കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുകയും പ്ലേസ്മെന്റുകൾ വർദ്ധിപ്പിക്കുകയും വേണം.

*വിദേശത്ത് പോകുന്നവരെ സംരക്ഷിക്കുക*: സ്കോളർഷിപ്പും ലോണും നൽകുന്നതിന് മുമ്പ് യൂണിവേഴ്സിറ്റിയുടെയും കോഴ്സിന്റെയും നിലവാരം പരിശോധിക്കാനുള്ള ഫിൽട്ടറുകൾ വെക്കുക. പൊതുപണം വ്യാജ വിദേശകോളേജുകളെ സഹായിക്കാൻ ഉപയോഗിക്കരുത്.

*കൺസൾട്ടന്റുകളെ നിയന്ത്രിക്കുക:* വിദേശ വിദ്യാഭ്യാസ കൺസൾട്ടൻസികൾക്ക് കർശനമായ ലൈസൻസിങ് കൊണ്ടുവരിക. അവരുടെ കമ്മീഷൻ തുക പരസ്യമാക്കാൻ നിർബന്ധിക്കുക.

*വിദ്യാഭ്യാസ വായ്പ പ്രതിസന്ധി ഗൗരവമായി കാണുക:* 10,000 കോടിയിലധികം രൂപയുടെ വിദ്യാഭ്യാസ വായ്പ ബാധ്യത എന്നത് വെറുമൊരു ബാങ്ക് പ്രശ്നമല്ല, അതൊരു വലിയ സാമൂഹിക പ്രതിസന്ധിയാണ്. ലോൺ നൽകുന്നതിന് മുമ്പ് കോഴ്സിന്റെ തൊഴിൽ സാധ്യതയും രാജ്യത്തിന്റെ റിസ്കും ബാങ്കുകൾ കൃത്യമായി വിലയിരുത്തണം.

കേരളത്തിലെ മേധാവിത്വ ചോർച്ച എന്നത് ഒരു തുടർച്ചയായ പ്രതികരണമാണ് (Chain Reaction). നമ്മൾ ഗുണനിലവാരമില്ലാത്ത ബിരുദങ്ങൾ നൽകുന്നു, മികച്ച സിലബസ് നൽകുന്നില്ല, സംസ്ഥാനത്ത് മതിയായ ജോലികൾ സൃഷ്ടിക്കുന്നില്ല; അപ്പോൾ സ്വാഭാവികമായും കുട്ടികൾ നാടുവിടുന്നു. പക്ഷേ, അവർ പോകുന്നത് മികച്ച അവസരങ്ങൾ തേടിയല്ല, മറിച്ച് ഇവിടുത്തെ സാഹചര്യങ്ങളിൽ മടുത്താണെങ്കിൽ അവർ ചെന്നെത്തുന്നത് മറ്റൊരു കെണിയിലേക്കായിരിക്കും. ചൂഷണം ചെയ്യുന്ന വിദേശ സർവകലാശാലകൾ, അടിയറവ് വെക്കേണ്ടി വരുന്ന വിസ നിയമങ്ങൾ, കനത്ത കടബാധ്യതകൾ, കൺസൾട്ടന്റുകൾ നയിക്കുന്ന തെറ്റായ തീരുമാനങ്ങൾ!

സർക്കാരിന്റെ മറുപടി വെറുമൊരു നോളജ് സിറ്റിയിലോ സ്കോളർഷിപ്പിലോ ഒതുങ്ങരുത്. കേരളത്തിലെ കോളേജുകളെ കുട്ടികൾക്ക് അഭിമാനത്തോടെ തിരഞ്ഞെടുക്കാൻ സാധിക്കുന്ന തരത്തിലേക്ക് മാറ്റണം. വ്യവസായ പങ്കാളിത്തം ശക്തമാക്കണം. വിദേശ വിദ്യാഭ്യാസ ഫണ്ടിംഗിന് കൃത്യമായ മാനദണ്ഡങ്ങൾ വെക്കണം!

മേധാവിത്വ ചോർച്ച എന്നാൽ നമ്മുടെ ഏറ്റവും മിടുക്കരായ കുട്ടികൾ മാത്രം നാടുവിടുന്നതല്ല; മറിച്ച്, ശരാശരി വിദ്യാർഥികൾ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വലിയ കടമെടുത്ത്, മോശം കോളേജുകളിലേക്ക് പോകുന്നതിനെക്കൂടിയാണ്. മിടുക്കരായ കുട്ടികൾ വിദേശത്ത് പോയാലും വലിയൊരു പങ്ക് തിരിച്ചുവരും. പക്ഷേ, മറ്റുള്ളവർക്ക് സംരക്ഷണവും കൃത്യമായ വിവരങ്ങളും മികച്ച ഓപ്ഷനുകളും നാട്ടിൽതന്നെ നൽകേണ്ടതുണ്ട്. ഉത്തരവാദപ്പെട്ടവർ ഈ കാര്യങ്ങൾ ശ്രദ്ധിക്കും എന്ന് പ്രതീക്ഷിക്കുന്നു! ■



# കുട്ടികളിലെ പഠനവൈകല്യങ്ങൾ എങ്ങനെ തിരിച്ചറിയാം?

ഡോ. ഫായിസ പിപി

കുട്ടി പഠിക്കാനിരിക്കുമ്പോൾ പെട്ടെന്ന് ശ്രദ്ധ മാറുന്നു, പലതവണ പറഞ്ഞാലും പഠിച്ചതെല്ലാം മറക്കുന്നു, ക്ലാസിൽ മറ്റു കുട്ടികളെക്കാൾ പിന്നിൽ പോകുന്നു... ഇത്തരം പ്രശ്നങ്ങൾ പല മാതാപിതാക്കളും അനുഭവിക്കുന്നവയാണ്. എന്നാൽ ഇതെല്ലാം 'മടി' അല്ലെങ്കിൽ 'ശ്രദ്ധക്കുറവ്' മാത്രമല്ല, ചിലപ്പോൾ പഠനവൈകല്യത്തിന്റെ (Learning Disability) ലക്ഷണങ്ങളായിരിക്കാം.

ചില കുട്ടികൾക്ക് അടിസ്ഥാന പഠനത്തിൽതന്നെ സ്ഥിരമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്. ഇതിനെയാണ് സാധാരണയായി 'പഠന വൈകല്യം' എന്ന് വിശേഷിപ്പിക്കാറുള്ളത്. ഇത് കുട്ടിയുടെ ബുദ്ധിശക്തിയുടെ കുറവല്ല, മറിച്ച് വിവരങ്ങൾ മനസ്സിലാക്കാനും പ്രോസസ്സ് ചെയ്യാനുമുള്ള പ്രത്യേക രീതിയിലുള്ള ബുദ്ധിമുട്ടാണ്.

**എന്താണ് പഠന വൈകല്യം?**

പഠന വൈകല്യം എന്നത് വായന, എഴുത്ത്, കണക്കുകൂട്ടൽ തുടങ്ങിയ അടിസ്ഥാന പഠന കഴിവുകളിൽ കാണുന്ന സ്ഥിരമായ ബുദ്ധിമുട്ടുകളെയാണ് സൂചിപ്പിക്കുന്നത്. വായന പ്രശ്നം (Dyslexia), എഴുത്തുപ്രശ്നം (Dysgraphia), ഗണിത പ്രശ്നം (Dyscalculia) തുടങ്ങിയവ പ്രധാനപ്പെട്ട ഉദാഹരണങ്ങളാണ്.

*കുട്ടികളിൽ കാണുന്ന പ്രധാന ലക്ഷണങ്ങൾ:*

**വായനയിലെ ബുദ്ധിമുട്ട്**

- അക്ഷരങ്ങൾ തിരിച്ചറിയാൻ വൈകുന്നത്.
- വാക്കുകൾ തെറ്റായി വായിക്കുന്നത്.
- വായനയുടെ വേഗം വളരെ കുറവ്.

**എഴുത്തിലെ പ്രശ്നങ്ങൾ**

- അക്ഷരങ്ങളും അക്കങ്ങളും മറിച്ചും തലതിരിച്ചുമൊക്കെ എഴുതുന്നത്.
- വാക്കുകൾ ഇടവിടാതെ എഴുതുന്നത്
- കൈയെഴുത്ത് വ്യക്തതയില്ലാതെ കാണുന്നത്

**ഗണിതത്തിലെ ബുദ്ധിമുട്ട്**

- അക്കങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ട്
- ലളിതമായ കണക്കുകൾ പോലും ചെയ്യാൻ പ്രയാസം
- സമയം, പണം തുടങ്ങിയ ആശയങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ട്
- പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാത്തത്

**മൊഴി-ഭാഷാ ബുദ്ധിമുട്ടുകൾ**

- വാക്കുകൾ കണ്ടെത്താൻ കൂടുതൽ സമയമെടുക്കുന്നത്.
- നിർദേശങ്ങൾ മനസ്സിലാക്കാൻ വൈകുന്നത്.

**ഓർമശക്തി പ്രശ്നങ്ങൾ**

- പഠിച്ചതെല്ലാം വേഗത്തിൽ മറക്കുന്നത്.
- ക്രമത്തിൽ കാര്യങ്ങൾ ഓർക്കാൻ ബുദ്ധിമുട്ട്.

**എങ്ങനെ തിരിച്ചറിയാം?**

- കുട്ടിയുടെ അധ്യാപകരുടെ അഭിപ്രായം ശ്രദ്ധിക്കുക.
- സമപ്രായക്കാരുമായി താരതമ്യം ചെയ്യുമ്പോൾ പ്രകടനത്തിൽ കാര്യമായ വ്യത്യാസം കാണുക
- വീട്ടിൽ കുട്ടിയെ പഠിപ്പിക്കുമ്പോൾ കാണുന്ന സ്ഥിരമായ ബുദ്ധിമുട്ടുകൾ ശ്രദ്ധിക്കുക

പഠന വൈകല്യം കണ്ടെത്തുന്ന സമയം പല മാതാപിതാക്കൾക്കും ആശങ്കയും കുറ്റബോധവും നിറഞ്ഞ ഒരു ഘട്ടമാണ്. “എന്റെ കുട്ടിക്ക് എന്താണ് പ്രശ്നം?”, “ഇത് മാറുമോ?” എന്ന ചോദ്യങ്ങൾ അവരെ അലട്ടും. ഈ സാഹചര്യത്തിൽ ഏത് രീതിയിലാണ് അവരുടെ പ്രതികരണമെന്നത് പ്രധാനമാണ്.

**മാതാപിതാക്കൾ ചെയ്യേണ്ടത്**

- കുട്ടിയെ ഒരിക്കലും കുറ്റപ്പെടുത്താതിരിക്കുക.
- ക്ഷമയോടും പിന്തുണയോടും സമീപിക്കുക.
- സാവധാനത്തിൽ ആവർത്തിച്ചു പറഞ്ഞുകൊടുക്കുക.
- കുട്ടിയുടെ അധ്യാപകരുമായി നിരന്തരം കാര്യങ്ങൾ പങ്കുവെക്കുകയും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്യുക.




- കുട്ടിയുടെ കഴിവുകൾ കണ്ടെത്തി, ചെറിയ പുരോഗതികളിൽ നന്നായി പ്രോത്സാഹിപ്പിക്കുക.
- പ്രാർഥനയിലൂടെ ശുഭാപ്തി വിശ്വാസം വളർത്തിയെടുക്കുവാൻ പ്രാപ്തരാക്കുക.
- പ്രത്യേക പരിശീലനവും (വിഷ്വൽ ടീച്ചിംഗ് പോലുള്ളവ) തെറാപ്പികളും പരിഗണിക്കുക.
- ആവശ്യമെങ്കിൽ സൈക്കോളജിസ്റ്റിന്റെ അല്ലെങ്കിൽ പ്രത്യേക വിദ്യാഭ്യാസ വിദഗ്ധന്റെ സഹായം തേടുക.

പഠനവൈകല്യമുള്ള കുട്ടികൾക്ക് ശരിയായ മാർഗനിർദേശവും പിന്തുണയും ലഭിച്ചാൽ മികച്ച രീതിയിൽ മുന്നേറാൻ കഴിയും. അതിനാൽ തുടക്കത്തിൽതന്നെ ലക്ഷണങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ സഹായം നൽകുന്നത് അത്യന്താപേക്ഷിതമാണ്. ഓരോ കുട്ടിയും വ്യത്യസ്തനാണ്; അവരെ മനസ്സിലാക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും വലിയ ഉത്തരവാദിത്തം. രക്ഷിതാക്കളെന്ന നിലയിൽ മക്കൾക്കുവേണ്ടി ആത്മാർഥമായി പ്രാർഥിക്കുകയും വേണം. ■

# ഖവാരിജുകളുമായുള്ള സംവാദം 02

ശമീർ മദീനി
: 9048 221 212



ഞാൻ പറഞ്ഞു: 'നിശ്ചയം, അല്ലാഹു തന്റെ കാര്യത്തിൽ ഒരു കാൽക്കാശിന്റെ വിഷയത്തിൽ അഥവാ ഒരു മുയലിന്റെ വിലയുടെയത്ര നിസ്സാര കാര്യത്തിൽ ആളുകളെ വിധി പറയാൻ നിശ്ചയിച്ചത് നിങ്ങൾക്കറിയില്ലേ? എന്നിട്ട് ക്വുർആനിലെ സൂറത്തുൽ മാഇദയിൽനിന്നുള്ള 'നിങ്ങൾ ഇഹ്റാമിലായിരിക്കെ വേട്ടമൃഗത്തെ കൊല്ലരുത്...'(5:95) എന്ന് തുടങ്ങുന്ന വചനം ഓതിക്കേൾപ്പിച്ചു.

അപ്രകാരം തന്നെ ഒരു സ്ത്രീയുടെയും അവളുടെ ഭർത്താവിന്റെയും വിഷയത്തിലും മനുഷ്യന്മാരെയല്ലേ വിധി പറയാൻ അല്ലാഹു നിശ്ചയിച്ചത്? അല്ലാഹു പറയുന്നു: "ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം അവന്റെ ആൾക്കാരിൽനിന്ന് ഒരു

മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽനിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരുവിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (4:35).

എന്നിരിക്കെ, ഞാൻ അല്ലാഹുവിനെ മുൻനിർത്തി നിങ്ങളോട് ചോദിക്കട്ടെ; വിശ്വാസികൾക്കിടയിൽ അനുരഞ്ജനത്തിനും അവരുടെ രക്തം സംരക്ഷിക്കുന്നതിനും ആളുകളുടെ വിധി സ്വീകരിക്കലാണോ അതല്ല കേവലം ഒരു മുയലിന്റെ കാര്യത്തിലും ഒരു സ്ത്രീയുടെ ദാമ്പത്യവിഷയത്തിലും ആളുകളുടെ വിധി സ്വീകരിക്കലാണോ ഏതാണ് ഏറ്റവും ഗൗരവപ്പെട്ടതായി നിങ്ങൾ മനസ്സിലാക്കുന്നത്?'

അവർ പറഞ്ഞു: 'അതെ, ഇതാണ് ഗൗരവപ്പെട്ടത്.' ഞാൻ ചോദിച്ചു: 'എങ്കിൽ നിങ്ങൾ മുമ്പ് ഉന്നയിച്ച ആക്ഷേപത്തിൽനിന്ന് പിന്മാറിയോ?' അവർ പറഞ്ഞു: 'അതെ, പിന്മാറി.'

രണ്ടാമത് നിങ്ങൾ പറഞ്ഞത്; അലി(റ) വിശ്വാസികളോട് യുദ്ധം ചെയ്തു. അവരിൽനിന്ന് ആരെയും യുദ്ധത്തടവുകാരാക്കിയില്ല, അവരിൽനിന്നും യുദ്ധാർജിത സ്വത്ത് പിടിച്ചെടുത്തില്ല എന്നുമല്ലേ? എങ്കിൽ എങ്ങനെയാണ് നിങ്ങളുടെകൂടി മാതാവായ, അഥവാ വിശ്വാസികളുടെ ഉമ്മയായ ആഇശ(റ)യെ അടക്കം തടവുകാരാക്കുന്നതിനെ നിങ്ങൾക്ക് അംഗീകരിക്കാനാവുക? അല്ലാഹുവാണെ സത്യം! നിങ്ങളെങ്ങാനും അവർ ഞങ്ങളുടെ ഉമ്മയല്ല എന്നു പറയുകയാണെങ്കിൽ തീർച്ചയായും നിങ്ങൾ ഇസ്‌ലാമിൽനിന്നു തന്നെ പുറത്തുപോയി. അപ്പോൾ നിങ്ങൾ രണ്ട് വഴികേടുകൾക്കിടയിൽ ആയിരിക്കും. കാരണം പ്രവാചക പത്നിമാരെ കുറിച്ച് അല്ലാഹു പറഞ്ഞത് ഇങ്ങനെയാണ്: 'പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു. അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു...' (33 :6).

അങ്ങനെയെങ്കിൽ നിങ്ങളുടെ മേൽവാദത്തിൽനിന്നും നിങ്ങൾ പിന്മാറിയോ?' അവർ പറഞ്ഞു: 'അതെ.' ഞാൻ പറഞ്ഞു: 'നിങ്ങൾ മൂന്നാമതായി പറഞ്ഞത്, അദ്ദേഹം തന്റെ പേരിൽനിന്ന് അമീറുൽ മുഅ്മിനീൻ എന്ന വിശിഷ്ടമായ സ്ഥാനപ്പേര് മായ്ച്ചു എന്നതാണല്ലോ. എന്നാൽ നിങ്ങളെല്ലാം തൃപ്തിപ്പെടുന്ന ഒരാളെ ചരിത്രത്തിൽനിന്നും ഞാൻ നിങ്ങൾക്ക് സമർപ്പിക്കാം. നിശ്ചയം, നബി(സ്വ) ഹുദൈബിയ സന്ധിയുടെ അന്ന് മുശ്‌രിക്കുകളുടെ നേതാക്കളായിരുന്ന അബൂ സുഫിയാൻ, സുഹൈൽ മുതലായവരോട് സന്ധിയിൽ ഏർപ്പെട്ട ചരിത്രം നിങ്ങൾക്കറിയില്ലേ? അന്ന് നബി(സ്വ) അലി(റ)വിനോട് പറഞ്ഞു: 'അലീ, അവരുമായി നീ ഒരു ഉടമ്പടി എഴുതുക,' അങ്ങനെ അലി(റ) ഇപ്രകാരം ഉടമ്പടി എഴുതാൻ ആരംഭിച്ചു: 'ഇത് അല്ലാഹുവിന്റെ ദൂതൻ മുഹമ്മദുമായുള്ള ഉടമ്പടിയാണ്.' അപ്പോഴേക്കും മക്കാമുശ്‌രിക്കുകൾ പറഞ്ഞു: 'അല്ലാഹുവാണെ, താങ്കൾ അല്ലാഹുവിന്റെ ദൂതനാണ് എന്ന കാര്യം ഞങ്ങൾക്കറിയില്ല. ഞങ്ങൾ അപ്രകാരം അംഗീകരിക്കുന്നുവെങ്കിൽ ഞങ്ങളും നിങ്ങളും തമ്മിൽ ഒരു തർക്കത്തിനും ഏറ്റുമുട്ടലിനുമൊന്നും ഒരു ആവശ്യമില്ലല്ലോ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അല്ലാഹുവേ, ഞാൻ അല്ലാഹുവിന്റെ ദൂതനാണ് എന്നത് തീർച്ചയായും നീ അറിയുന്നുണ്ട്. അലീ, താങ്കൾ അത് മായ്ച്ചിട്ട് ഇപ്രകാരം എഴുതൂ: 'ഇത് അബ്ദുല്ലയുടെ മകൻ മുഹമ്മദുമായുള്ള ഉടമ്പടിയാണ്.' അല്ലാഹുവാണെ സത്യം! അല്ലാഹുവിന്റെ റസൂൽ അലിയ്യിനെക്കാൾ എത്രയോ ഉത്തമനാണ്. അവിടുന്ന് അതിനെക്കാൾ മഹത്തരമായ സ്ഥാനപ്പേര് മായ്ച്ചില്ലേ?

അങ്ങനെ ഈ ചർച്ചക്കൊടുവിൽ ഖവാരിജുകളുടെ കൂട്ടത്തിൽനിന്ന് രണ്ടായിരത്തോളം ആളുകൾ സത്യമാർഗത്തിലേക്ക് മടങ്ങി. (തൽബീസു ഇബ്‌ലീസ്, പേജ് 104).

■




# മൂന്നു പതിറ്റാണ്ട് പിന്നിടുന്ന 'പ്രൊഫ്കോൺ'

മുഹമ്മദ് ഷമീൽ ടി
(പ്രസിഡന്റ്, വിസ്ഡം സ്റ്റുഡന്റ്സ്)

പ്രൊഫ്കോൺ ഒരു സമ്മേളനത്തെക്കാൾ വലിയ ഒന്നാണ്. പ്രൊഫഷണലിസവും വിശ്വാസവും തമ്മിൽ ഒരു വിരോധവുമില്ലെന്ന് തെളിയിക്കുന്ന സംഗമമാണ്. ലോകത്ത് മികവ് പുലർത്തിക്കൊണ്ട് തന്നെ അല്ലാഹുവിന്റെ പ്രീതി നേടാനുള്ള കാര്യങ്ങൾ ചെയ്യാനും കഴിയുമെന്ന് പഠിപ്പിച്ചു പ്രൊഫ്കോൺ.

ചില ആശയങ്ങൾ ചിലരുടെ ചെറിയ ചിന്തയിലൂടെ ജനിക്കും. എന്നാൽ കാലം കഴിയുമ്പോൾ അവ തലമുറകളെ രൂപപ്പെടുത്തുന്ന ചരിത്രമായി മാറും. പ്രൊഫ്കോണിന്റേത് അത്തരമൊരു ചരിത്രമാണ്.

1995ൽ കോഴിക്കോട്ട് ഏതാനും പ്രൊഫഷണൽ വിദ്യാർഥികളുടെ ഒരു സംഗമമായാണ് പ്രൊഫ്കോൺ ആരംഭിച്ചത്. അന്ന് ഒരുപക്ഷേ, ആരും സങ്കൽപിച്ചിട്ടുണ്ടാവില്ല, ആ ചെറിയ സംഗമം മൂന്ന് പതിറ്റാണ്ടുകൾക്കുശേഷം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആയിരങ്ങളെ ഒരുമിപ്പിക്കുന്ന ഒരു മഹാസമ്മേളനമായി വളരുമെന്ന്.

ഇന്ന് പ്രൊഫ്കോൺ ഒരു കോൺഫറൻസ് മാത്രമല്ല; അത് ഒരു ആശയമാണ്, ഒരു ദിശയാണ്, ഒരു തിരിച്ചറിവാണ്. ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം തിരിച്ചറിയാൻ ആഗ്രഹിക്കുന്ന ഒരു തലമുറയുടെ സംഗമമാണ്.

ഇന്ന് പ്രൊഫ്കോണിനെക്കുറിച്ച് പറയുമ്പോൾ വേദികളുടെ വലുപ്പമോ പങ്കെടുത്തവരുടെ എണ്ണമോ മാത്രം പറയുന്നത് അതിനോട് നീതി പുലർത്തലാകില്ല. കാരണം പ്രൊഫ്കോണിന്റെ യഥാർഥ വിജയം കണക്കുകളിലല്ല, മറിച്ച് അത് വെളിച്ചമേകിയ ജീവിതങ്ങളിലാണ്.

മൂന്ന് പതിറ്റാണ്ടിനിടയിൽ ആയിരക്കണക്കിന് വിദ്യാർഥികളും ഡോക്ടർമാരും എൻജിനീയർമാരും ഗവേഷകരും സംരംഭകരും വിവിധ മേഖലകളിലെ പ്രൊഫഷണലുകളും പ്രൊഫ്കോണിന്റെ വേദികളിലൂടെ കടന്നുപോയിട്ടുണ്ട്. അവരിൽ എത്രയോ പേർക്ക് ജീവിതത്തിന്റെ യഥാർഥ ദിശ കൈമാറി. ചിലർക്ക് ദീനുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കി. ചിലർക്ക് പഠനവും തൊഴിലും ഒരു വരുമാനമാർഗം മാത്രമല്ല, അല്ലാഹുവിന്റെ പ്രീതി തേടാനുള്ള മാർഗം കൂടിയാണെന്ന് മനസ്സിലായി. ചിലർക്ക് സമൂഹത്തോടുള്ള ഉത്തരവാദിത്തം തിരിച്ചറിയാൻ കഴിഞ്ഞു. മറ്റു ചിലർക്ക് അവരുടെ ജീവിതത്തിലെ ഏറ്റവും നിർണായക തീരുമാനങ്ങളെടുക്കാൻ പ്രൊഫ്കോൺ പ്രചോദനമായി.




**ഒരു പ്രൊഫഷണൽ തന്റെ ജോലി ഉപേക്ഷിച്ച് ആത്മീയനാകണമെന്നല്ല പ്രൊഫ്കോൺ പഠിപ്പിക്കുന്നത്, മറിച്ച് തന്റെ ജോലിയെത്തന്നെ പരലോകത്ത് പ്രതിഫലം ലഭിക്കുന്നതാക്കി മാറ്റാൻ കഴിയുമെന്നാണ്. മനുഷ്യത്വത്തിന്റെ മഹനീയ മാതൃകകളായി മാറുവാൻ പ്രൊഫ്കോൺ വിദ്യാർഥികളെ പ്രേരിപ്പിക്കുന്നു. അതുകൊണ്ടാണ് പ്രൊഫ്കോണിൽനിന്ന് മടങ്ങുന്നവർ പുതിയ അറിവുകളോടൊപ്പം പുതിയ ലക്ഷ്യങ്ങളുമായി മടങ്ങുന്നത്.**

ഇന്ന് വിവിധ രാജ്യങ്ങളിൽ സേവനം ചെയ്യുന്ന എത്രയോ പ്രൊഫഷണലുകൾ അവരുടെ ജീവിതത്തിൽ വഴിത്തിരിവുണ്ടാക്കിയത് പ്രൊഫ്കോണിലെ ഒരു പ്രഭാഷണമോ ഒരു കൂടിക്കാഴ്ചയോ ഒരു ചർച്ചയോ ആണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഓരോ വർഷവും പ്രൊഫ്കോണിൽ പങ്കെടുക്കുന്നവരുടെ അനുഭവങ്ങൾ കേൾക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്; ഒരു പ്രഭാഷണം മറന്നുപോകാം, ഒരു പരിപാടി അവസാനിച്ചുപോകാം, എന്നാൽ ഹൃദയത്തിൽ തെളിഞ്ഞ വിശ്വാസത്തിന്റെ വെളിച്ചം ജീവിതകാലം മുഴുവൻ നിലനിന്നേക്കാം. പ്രൊഫ്കോണിന്റെ ഏറ്റവും വലിയ പ്രത്യേകത അതാണ്. അത് കേവലം ഒരു സമ്മേളനമല്ല; ഒരു ആത്മീയാനുഭവം കൂടിയാണ്. ആധുനിക ലോകം പ്രൊഫഷണൽ വിജയത്തെക്കുറിച്ച് നിരന്തരം സംസാരിക്കുന്നു. കൂടുതൽ ശമ്പളം, മികച്ച ജോലി, വിദേശ അവസരങ്ങൾ, സാമൂഹിക അംഗീകാരം, സാമ്പത്തിക സുരക്ഷ തുടങ്ങി വിജയത്തിന്റെ മാനദണ്ഡങ്ങൾ പലതുമുണ്ട്. എന്നാൽ ഈ വിജയങ്ങൾക്കിടയിലും മനുഷ്യൻ സ്വയം ചോദിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ചോദ്യം പലപ്പോഴും വിസ്മരിക്കപ്പെടുന്നു.

'ഞാൻ എന്തിനാണ് ജീവിക്കുന്നത്?' ഈ ചോദ്യത്തിനുള്ള ഉത്തരമാണ് പ്രൊഫ്കോൺ മൂന്ന് പതിറ്റാണ്ടുകളായി നൽകിവരുന്നത്. ഒരു ഡോക്ടർ രോഗികളെ ചികിത്സിക്കുന്നത് ഒരു ജോലി മാത്രമാണോ, അതല്ല

**വിസ്ഡം സ്റ്റുഡന്റ്സ് സംഘടിപ്പിക്കുന്ന പ്രൊഫ്കോൺ അതിന്റെ മുപ്പതാം അധ്യായത്തിലേക്ക് പ്രവേശിക്കുകയാണ്. 2026 സെപ്റ്റംബർ 11, 12, 13 തീയതികളിൽ പാലക്കാട് ആതിഥേയത്വം വഹിക്കുന്ന 30ാമത് പ്രൊഫ്കോൺ, മൂന്ന് പതിറ്റാണ്ടിന്റെ ആ യാത്രയുടെ മറ്റൊരു നാഴികക്കല്ലാണ്.**




അല്ലാഹുവിന്റെ അടുക്കൽ പ്രതിഫലം ലഭിക്കുന്ന ഇബാദത്തുകൂടിയാണോ? ഒരു എൻജിനീയർ ലാഭം മാത്രം മുന്നിൽ കണ്ട് പാലങ്ങൾ നിർമിക്കുകയാണോ ചെയ്യേണ്ടത്, അതോ സമൂഹത്തിന് ഉപകാരപ്പെടും വിധം തന്റെ ഉത്തരവാദിത്തം കൃത്യമായി നിർവഹിക്കേണ്ടതുണ്ടോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം തേടുന്ന വേദിയാണ് പ്രൊഫ്കോൺ.

അതുകൊണ്ടുതന്നെ പ്രൊഫ്കോൺ ഒരു സമ്മേളനത്തെക്കാൾ വലിയ ഒന്നാണ്. പ്രൊഫഷണലിസവും വിശ്വാസവും തമ്മിൽ ഒരു വിരോധവുമില്ലെന്ന് തെളിയിക്കുന്ന സംഗമമാണ്. ലോകത്ത് മികവ് പുലർത്തിക്കൊണ്ട് തന്നെ അല്ലാഹുവിന്റെ പ്രീതി നേടാനുള്ള കാര്യങ്ങൾ ചെയ്യാനും കഴിയുമെന്ന് പഠിപ്പിച്ചു പ്രൊഫ്കോൺ.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടെ ലോകം ഒരുപാട് മാറി. സാങ്കേതികവിദ്യ മാറി. തൊഴിലിടങ്ങൾ മാറി. ജീവിതശൈലികൾ മാറി. ഭൗതിക മൂല്യങ്ങളും മുൻഗണനകളും മാറി. എന്നാൽ മാറാത്ത ഒരു സത്യമുണ്ട്; മനുഷ്യന്റെ യഥാർഥ ജീവിതലക്ഷ്യം. മനുഷ്യൻ തന്റെ ജീവിതത്തിന്റെ അർഥം അന്വേഷിച്ചു കൊണ്ടിരിക്കുന്നു. ക്വുർആൻ ആ അന്വേഷണത്തിന് വ്യക്തമായ ഉത്തരം നൽകുന്നു:

‘ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാനല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല’ (ക്വുർആൻ 51:56).

ഈ ദൈവിക സന്ദേശം സമകാലിക പ്രൊഫഷണൽ ലോകത്തെ ബോധ്യപ്പെടുത്താനുള്ള ശ്രമമാണ് പ്രൊഫ്കോൺ. ഒരു പ്രൊഫഷണൽ തന്റെ ജോലി ഉപേക്ഷിച്ച് ആത്മീയനാകണമെന്നല്ല പ്രൊഫ്കോൺ പഠിപ്പിക്കുന്നത്, മറിച്ച് തന്റെ ജോലിയെത്തന്നെ പരലോകത്ത് പ്രതിഫലം ലഭിക്കുന്നതാക്കി മാറ്റാൻ കഴിയുമെന്നാണ്. മനുഷ്യത്വത്തിന്റെ മഹനീയ മാതൃകകളായി മാറുവാൻ പ്രൊഫ്കോൺ വിദ്യാർഥികളെ പ്രേരിപ്പിക്കുന്നു. അതുകൊണ്ടാണ് പ്രൊഫ്കോണിൽനിന്ന് മടങ്ങുന്നവർ പുതിയ അറിവുകളോടൊപ്പം പുതിയ ലക്ഷ്യങ്ങളുമായി മടങ്ങുന്നത്.

വിസ്ഡം സ്റ്റുഡന്റ്സ് സംഘടിപ്പിക്കുന്ന പ്രൊഫ്കോൺ അതിന്റെ മുപ്പതാം അധ്യായത്തിലേക്ക് പ്രവേശിക്കുകയാണ്. 2026 സെപ്റ്റംബർ 11, 12, 13 തീയതികളിൽ പാലക്കാട് ആതിഥേയത്വം വഹിക്കുന്ന 30ാമത് പ്രൊഫ്കോൺ, മൂന്ന് പതിറ്റാണ്ടിന്റെ ആ യാത്രയുടെ മറ്റൊരു നാഴികക്കല്ലാണ്.

ഈ യാത്ര ആരംഭിച്ചത് ഏതാനും പേരുടെ സ്വപ്നമായിരുന്നു. ഇന്ന് അത് ആയിരങ്ങളുടെ പ്രതീക്ഷയാണ്. നാളെ, അല്ലാഹു ഉദ്ദേശിച്ചാൽ, ഇനിയും ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് പ്രൊഫഷണലുകൾക്ക് ദിശാബോധം നൽകുന്ന ഒരു സംരംഭമായി അത് വളരും. ലോകത്തിന് ആവശ്യം കേവല പ്രൊഫഷണലുകളുടെ ആധിക്യമല്ല, മറിച്ച് വിശ്വാസവും വിജ്ഞാനവും സ്വഭാവശുദ്ധിയും സാമൂഹിക ഉത്തരവാദിത്തവും ഒരുമിച്ചുള്ള പ്രൊഫഷണലുകളെയാണ്.

അത്തരമൊരു തലമുറയെ വാർത്തെടുക്കുന്ന ദൗത്യമാണ് പ്രൊഫ്കോൺ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അതാണ് അതിന്റെ ഏറ്റവും വലിയ പൈതൃകം. അതുതന്നെയാണ് ഇനിയും അതിന്റെ ഏറ്റവും വലിയ പ്രതീക്ഷ. പ്രാർഥനകളോടെ മുന്നോട്ടുനീങ്ങാം. ■



# പ്രപഞ്ച സ്രഷ്ടാവ്; കരുണാവാരിധി

നസീമ വാടാനപ്പള്ളി

മുസ്‌ലിംകളല്ലാത്തവർക്കു പോലും പരിചയമുള്ള, അല്ലാഹുവിന്റെ രണ്ടു നാമങ്ങളാണ് ‘റഹ്മാൻ,’ ‘റഹീം’ എന്നിവ. ‘അർവഹ്മാൻ’ എന്നതിന് പരമകാരുണികൻ എന്നും ‘അർവഹീം’ എന്നതിന് ‘കരുണാനിധി’ എന്നുമാണ് മലയാളത്തിൽ അർഥം കൊടുത്തുവരുന്നത്. ഈ രണ്ടു നാമങ്ങളുടെയും അർഥവിശാലത  മനസ്സിലാക്കിയ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അല്ലാഹുവിനെ സ്നേഹിക്കാതിരിക്കാനും അവന്റെ കാരുണ്യത്തിൽ നിരാശപ്പെടാനും സാധിക്കില്ല.

ചെറുതോ വലുതോ, പ്രത്യക്ഷമോ പരോക്ഷമോ, പ്രത്യേകമായതോ പൊതുവെയുള്ളതോ, ഐഹികമോ പാരത്രികമോ ആയ സകലവിധ അനുഗ്രഹങ്ങളുടെയും കർത്താവായ പരമകാരുണികൻ എന്ന് ‘അർവഹ്മാനി’നും നന്മ ചെയ്യുന്നവർക്ക് പ്രത്യേകമായി സിദ്ധിക്കുവാനിരിക്കുന്ന മഹാനുഗ്രഹങ്ങളുടെ ദാതാവായ കരുണാനിധി എന്ന് ‘അർവഹീമി’നും വിവക്ഷ നൽകപ്പെടുന്നു.

വിശ്വാസികളിൽ തന്നെ പലരും ആഴത്തിൽ മനസ്സിലാക്കാതെ പോകുകയും കേവലം നാമം മാത്രമായി ഉരുവിടുകയും ചെയ്യുന്ന, അല്ലാഹുവിന്റെ നാമങ്ങളിൽ പെട്ടതാണ് ഇവയും.

അല്ലാഹു സ്വർഗം ഒരുക്കി വെച്ചിരിക്കുന്നത് സൂക്ഷ്മത(തക്വ്വ) യുള്ളവർക്കാണ്. ഒരിക്കൽ നബി(സ്വ) പറയുകയുണ്ടായി: "നിങ്ങളിൽ ഏറ്റവും തക്വ്വയുള്ളവൻ ഞാനാണ്. നിങ്ങളിൽ ഏറ്റവും കൂടുതൽ അല്ലാഹുവിനെ അറിയുന്നവനും ഞാനാണ്."

അല്ലാഹുവിനെ യഥാവിധി മനസ്സിലാക്കുന്നതിലൂടെ മാത്രമെ ഒരാൾക്ക് ആത്മാർഥമായി അവനെ സൂക്ഷിച്ച് ജീവിക്കുവാൻ കഴിയൂ. അല്ലാഹുവിന് ഉന്നതമായ ഒട്ടേറെ നാമങ്ങളുണ്ട്. അവയിൽ 99 നാമങ്ങൾ ആരെങ്കിലും ഇഹ്സ്വാഅ് ചെയ്താൽ അവന് സ്വർഗമുണ്ടെന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്. 'ഇഹ്സ്വാഅ് ചെയ്യുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആ നാമങ്ങൾ അർഥം ഉൾക്കൊണ്ട് എണ്ണിത്തിട്ടപ്പെടുത്തി കാണാതെ പഠിച്ച് അവകൊണ്ട് പ്രാർഥിക്കുക എന്നതാണ്.

അല്ലാഹുവിന്റെ അറിയപ്പെട്ട, ഉന്നതതും മനോഹരവുമായ നാമങ്ങളിൽ ഏറെ വിശിഷ്ടമായതാണ് അർറഹ്മാൻ എന്നത്. അല്ലാഹുവിന്റെ അതിമഹനീയ നാമങ്ങളിൽപെട്ട ഏതെങ്കിലും ഒന്നുകൊണ്ട് ഒരാൾ അവനോട് പ്രാർഥിച്ചാൽ ഉത്തരം നൽകപ്പെടുമെന്ന് സ്വഹീഹായ ഹദീസുകളിൽ വന്നിട്ടുണ്ട്.

അല്ലാഹുവിന് വിശിഷ്ടമായ പേരുകളുണ്ടെന്നും ആ പേരുകളിൽ അവനോട് തേടുവാനും ക്വുർആൻ പറയുന്നു: "അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക...(7:180).

'അല്ലാഹു' എന്ന നാമത്തെപ്പോലെത്തനെ 'അർറഹ്മാൻ' എന്ന നാമവും അവനു മാത്രം പ്രത്യേകമായതാണ്. ആ പേര് മറ്റൊന്നിനും നൽകിക്കൂടാ.

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹു എന്ന് വിളിച്ചുകൊള്ളുക. അല്ലെങ്കിൽ അർറഹ്മാൻ എന്ന് വിളിച്ചുകൊള്ളുക. ഏതുതന്നെ നിങ്ങൾ വിളിക്കുകയാണെങ്കിലും അവന്നുള്ളതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ..."(17:110).

ഒരു വ്യക്തിക്ക് അബ്ദുർറഹ്മാൻ എന്നു പേരിടാം. എന്നാൽ അയാളെ അബ്ദ് ചേർക്കാതെ റഹ്മാനേ എന്നു വിളിക്കാൻ പാടില്ല എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ല. എന്നാൽ അതിന്റെ ഗൗരവമറിയാതെ നമ്മൾ അങ്ങനെ വിളിച്ചുപോകാറുണ്ട്. 'റഹ്മാൻ ജ്വല്ലറി' എന്ന ബോർഡ് യാത്രക്കിടയിൽ കണ്ടതായി ഓർക്കുന്നു.

അല്ലാഹുവിന്റെ നാമങ്ങളും അവയുടെ ആശയവിശാലതയും മനസ്സിലാക്കാത്തതുകൊണ്ടാണ് ഇത്തരം അബദ്ധങ്ങൾ സംഭവിക്കുന്നത്. അത് അറിയാത്തവർക്ക് അല്ലാഹുവിനെ യഥാവിധി കണക്കാക്കുവാൻ കഴിയില്ല. അത്തരക്കാരിൽ ശിർക്ക് സംഭവിക്കാനുള്ള സാധ്യത ഏറെയാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവെ കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു" (ക്വുർആൻ 22:74).

അല്ലാഹുവിന്റെ നാമങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് ഒരു മനുഷ്യനിൽ തന്റെ റബ്ബിനോടുള്ള സ്നേഹവും ആദരവും വർധിപ്പിക്കുന്നു; അവന്റെ കാരുണ്യത്തിൽ പ്രതീക്ഷയും ശിക്ഷയിൽ ഭയവും അനുഗ്രഹങ്ങളിൽ നന്ദിയും മറ്റുള്ളവരിൽനിന്നുള്ള

നിർഭയത്വവും ഉണ്ടാക്കുന്നു.

അല്ലാഹു പറയുന്നു: "...നിങ്ങളുടെ രക്ഷിതാവ് കാരുണ്യത്തെ തന്റെ മേൽ (ബാധ്യതയായി) നിശ്ചയി ച്ചിരിക്കുന്നു..." (ക്വുർആൻ 6:54).

നബി(സ്വ) പറഞ്ഞു: "നിശ്ചയം, അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ച ദിവസം നൂറ് കാരുണ്യവും സൃഷ്ടിച്ചു. ഓരോ കാരുണ്യവും ആകാശഭൂമിയോളം വിശാലമാണ്. അതിൽനിന്ന് ഒരു കാരുണ്യം അവൻ ഭൂമിയിൽ വെച്ചു. അതുവഴിയാണ് മാതാവ് മക്കളോട് കരുണ കാണിക്കുന്നതും ക്രൂരമൃഗങ്ങളും പക്ഷികളുമെല്ലാം പരസ്പരം കരുണ കാണിക്കുന്നതും. എന്നാൽ അന്ത്യനാളിൽ (ബാക്കിവെച്ച) ഈ കാരുണ്യംകൊണ്ട് അവൻ അവരോടുള്ള കാരുണ്യം പൂർത്തീകരിക്കും" (മുസ്‌ലിം).

ലോകത്ത് കഴിഞ്ഞുപോയ മനുഷ്യരടക്കമുള്ള സകലമാന ജീവജാലങ്ങളും ഇപ്പോൾ ജീവിച്ചിരി ക്കുന്നവയും അന്ത്യനാൾവരെ ജനിക്കാനിരിക്കുന്നവയുമായ ജീവികളും പരസ്പരം കരുണ കാണിക്കുന്നത് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നൂറിൽ ഒരംശംകൊണ്ട് മാത്രമാണെങ്കിൽ അവന്റെ കാരുണ്യം എത്ര വിശാലമാണ്. 99 ഭാഗവും അവന്റെയടുത്തുണ്ട്. അത് അവന് വഴിപ്പെട്ട് ജീവിക്കുന്നവർക്കാണ് നൽകപ്പെടുക.

ഒരിക്കൽ ഒരു ഗ്രാമീണനായ അറബി നബി(സ്വ)യുടെ അടുക്കൽ വരികയുണ്ടായി. ആ സമയം അവിടുന്ന് തന്റെ പേരമക്കളെ കൊഞ്ചിക്കുകയായിരുന്നു. അവിടുന്ന് തന്റെ പേരമക്കളെ ചുംബിക്കുന്നതു കണ്ടപ്പോൾ ആ ഗ്രാമീണൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങ് പേരക്കുട്ടികളെ ചുംബിക്കുകയോ? എനിക്ക് പത്തു മക്കളുണ്ട്. ഞാനിന്നുവരെ അവരിൽ ഒരാളെയും ചുംബിച്ചിട്ടില്ല.' ഇതു കേട്ട പ്രവാചകൻ (സ്വ) ചിരിച്ചുകൊണ്ടു പറഞ്ഞു: 'അല്ലാഹു നിങ്ങളുടെ ഹൃദയത്തിൽ കാരുണ്യം ഇട്ടുതരാത്തതിന് ഞാനെ ന്തു ചെയ്യാനാണ്?'

'നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിക്കൂ; ആകാശത്തുള്ളവൻ നിങ്ങളോട് കരുണ കാണിക്കും' എന്ന പ്രവാചകവചനം പ്രസിദ്ധമാണ്.

നമ്മളിൽ പലരും പലരെയും അവരുടെ കാരുണ്യത്തിന്റെ പേരിൽ അഭിനന്ദിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നവരാണ്. സാമൂഹ്യമാധ്യമങ്ങളിലൂടെ അവരുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വാർത്ത അവരെ വൈറലാക്കുന്നു. ഈ കാരുണ്യമെല്ലാം പരമകാരുണ്യവാനായ റബ്ബ് അവരുടെ ഹൃദയങ്ങളിൽ നിറച്ചതാണെന്നത് നാം പലപ്പോഴും വിസ്മരിക്കുകയാണ്.

ഒരു ഡോക്ടർ നമ്മെ ചികിൽസിച്ചതിലൂടെ നമ്മുടെ രോഗത്തിന് ശമനം കിട്ടിയിട്ടുണ്ടെങ്കിൽ ആ ഡോക്ടറെക്കുറിച്ച് നാം പുകഴ്ത്തിപ്പറയാറുണ്ട്. എന്നാൽ അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് അവൻ ആ ഡോക്ടറെയും മരുന്നിനെയും നമുക്ക് ശമന കാരണമാക്കിയതാണെന്ന് നാം അറിഞ്ഞോ അറിയാതെയോ വിസ്മരിച്ചുപോകുന്നു. ആ ഡോക്ടറുടെ ചികിൽസകൊണ്ട് ശമനം ലഭിക്കാത്തതിനാൽ അദ്ദേഹത്തെ ആക്ഷേപിക്കുന്നവരുമുണ്ടാകാം. അല്ലാഹുവിന്റെ കാരുണ്യത്താൽ ഇന്ന ഡോക്ടറുടെ ചികിൽസകൊണ്ട് എനിക്ക് ശമനം ലഭിച്ചു എന്ന് നന്ദിയോടെ പറഞ്ഞ് അല്ലാഹുവിനെ സ്തുതിക്കുന്ന എത്ര പേർ നമുക്കിട യിലുണ്ട്? ഇതുപോലെ തന്നെയാണ് മറ്റെല്ലാ കാര്യങ്ങളും. അല്ലാഹുവിന്റെ കാരുണ്യമാണ് നാം അനുഭവിക്കുന്ന എല്ലാ അനുഗ്രഹങ്ങളും. ■

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

كَذَّبَتْ قَوْمُ نُوحٍ الْمُرْسَلِينَ ﴿١٠٥﴾

105. നൂഹിന്റെ ജനത ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി.

إِذْ قَالَ لَهُمْ أَخُوهُمْ نُوحٌ أَلَا تَتَّقُونَ ﴿١٠٦﴾

106. അവരുടെ സഹോദരൻ നൂഹ് അവരോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٠٧﴾

107. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٠٨﴾

108. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِيَ إِلَّا عَلَىٰ رَبِّ الْعَالَمِينَ ﴿١٠٩﴾

109. ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കൽ നിന്ന് മാത്രമാകുന്നു.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١١٠﴾ ۞

110. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുക.

*105-110). നൂഹിന്റെ ജനത നൂഹിനെ നിഷേധിച്ചതിനെ കുറിച്ചാണ് അല്ലാഹു പറയുന്നത്; അദ്ദേഹം അവരോടും അവർ അദ്ദേഹത്തോടും എങ്ങനെ പ്രതികരിച്ചു എന്നതിനെ സംബന്ധിച്ച്. എല്ലാവരുടെയും അനന്തരഫലം എന്താണെന്നും വിശദീകരിക്കുന്നു. (നൂഹിന്റെ ജനത ദൈവദൂതന്മാരെ നിഷേധിച്ചുതള്ളി) എല്ലാ ദൂതന്മാരെയും അവർ തള്ളിക്കളഞ്ഞു. നൂഹിനെ നിരാകരിക്കുന്നത് എല്ലാ ദൂതന്മാരെയും നിരാകരിക്കുന്നതിന് തുല്യമായി കണക്കാക്കുന്നു. കാരണം അവരെല്ലാവരും ഒരേ സന്ദേശവും വിശ്വാസവും കൊണ്ടുവന്നതിനാൽ അവരിൽ ഒരാളെ തിരസ്കരിക്കുന്നത് അവരെ എല്ലാവരെയും തിരസ്കരിക്കുന്നതിന് തുല്യമാണ്. അദ്ദേഹത്തെ അവർ കളവാക്കി. (അവരുടെ സഹോദരൻ നൂഹ് അവരോട് പറഞ്ഞ സന്ദർഭം) കുടുംബ പരമ്പരയിൽ (നൂഹിന്റെ). ദൂതന്മാർ നിയോഗിക്കപ്പെട്ട അതേ പരമ്പരയിൽ നിന്നുതന്നെ നൂഹ് നബിയെയും നിയോഗിച്ചു; അവർ അദ്ദേഹത്തിന് കീഴടങ്ങാൻ വിസമ്മതം കാണിക്കാതിരിക്കാൻ. കാരണം അദ്ദേഹത്തിന്റെ യഥാർഥ സ്വഭാവം അവർക്കറിയുമ്പോൾ അവർക്കത് അന്വേഷിച്ച് കണ്ടെത്തേണ്ട ആവശ്യമുണ്ടാവില്ല. നൂഹ് നബി (അ) അവരോട് പറഞ്ഞു; എല്ലാ പ്രവാചകന്മാരുടെയും മാർഗം പോലെ ഏറ്റവും നല്ല രീതിയിൽ അവരെ അഭിസംബോധന ചെയ്തുകൊണ്ട്: (നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?) അതായത്, അല്ലാഹുവിനെ ഭയപ്പെടുകയും വിഗ്രഹാരാധനയിൽ തുടരുന്നത് ഉപേക്ഷിക്കുകയും ചെയ്യുന്നില്ലേ? നിങ്ങളുടെ ആരാധന അല്ലാഹുവിനെ മാത്രമാക്കിക്കൊണ്ട്. (തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു) പ്രത്യേകിച്ചും അദ്ദേഹം അവരിലേക്കുള്ള ഒരു ദൂതനാണെന്നത് വിശ്വസനീയമായ ഒരു കാര്യമാണ്. അതിനാൽ അദ്ദേഹം കൊണ്ടുവന്ന സന്ദേശത്തിലും അദ്ദേഹത്തിലും വിശ്വസിക്കൽ നിർബന്ധമാണ്. അവർക്ക് പ്രത്യേകമായി ഒരു ദൂതനെ നിയോഗിച്ചതിൽ അവർ നന്ദിയുള്ളവരാവുകയും ചെയ്യേണ്ടിയിരുന്നു. വിശ്വസ്തനാവുക എന്നത് അല്ലാഹുവിന്റെ മേൽ കളവ് പറയാതിരിക്കുകയും തനിക്ക് ലഭിച്ച ദിവ്യ സന്ദേശത്തിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യില്ല എന്നതുമാണ്. അതിനാൽ അദ്ദേഹത്തെ സത്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ കൽപനകൾക്ക് കീഴ്പ്പെടുകയും ചെയ്യൽ അവർക്ക് നിർബന്ധമാണ്. (അതിനാൽ നിങ്ങൾ അല്ലാഹുവി*

ക്കുന്നത് നിങ്ങൾക്ക് ആത്മാർഥമായി ഉപദേശം നൽകുകയും അതുവഴി നിങ്ങൾ നേരായ പാത പിന്തുടരണമെന്നും മാത്രമാണ്. (അതിനാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുക) തന്റെ ജനതയോടുള്ള പ്രബോധനം ആവർത്തിച്ചപ്പോൾ ഈ വാക്കുകളും ആവർത്തിച്ചു. അല്ലാഹു പറയുന്നു:

فَلَبِثَ فِيهِمْ أَلْفَ سَنَةٍ إِلَّا خَمْسِينَ عَامًا

*"അമ്പത് കൊല്ലം ഒഴിച്ചാൽ ആയിരം വർഷംതന്നെ അദ്ദേഹം അവർക്കിടയിൽ കഴിച്ചുകൂട്ടി" (29:14).*

قَالَ رَبِّ إِنِّي دَعَوْتُ قَوْمِي لَيْلًا وَنَهَارًا ۝٥ فَلَمْ يَزِدْهُمْ دُعَاءِي إِلَّا فِرَارًا ۝٦

*"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനതയെ രാവും പകലും ഞാൻ വിളിച്ചു. എന്നിട്ട് എന്റെ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുക മാത്രമെ ചെയ്തുള്ളൂ". (71:5,6).*

*നെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ) ഞാൻ നിങ്ങളോട് കൽപിക്കുകയും വിലക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ നിങ്ങൾ എന്നെ അനുസരിക്കുക. ഞാൻ നിങ്ങളിലേക്കുള്ള വിശ്വസ്തനായ ഒരു ദൂതനാണെന്ന് പറഞ്ഞതിന്റെ താൽപര്യം ഇതാണ്. 'ഫ' എന്ന അക്ഷരമാണ് ഇവിടെ ഉപയോഗിച്ചത്. അതുകൊണ്ടാണ് (അതിനാൽ) എന്ന് വിവർത്തനം ചെയ്തത്. കാരണത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. അവർ അദ്ദേഹത്തെ അനുസരിക്കേണ്ടതിന്റെ അനിവാര്യതയെ കുറിച്ച് പറയുകയും അങ്ങനെ ചെയ്യാൻ അവർക്ക് ഒരു തടസ്സവും ഇല്ലെന്ന് പറയുകയും ചെയ്യുകയാണ്. (ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല) ഞാൻ നിങ്ങളുടെ മേൽ ഒരു ഭാരവും ചുമത്തുന്നുമില്ല. (എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കിൽ നിന്ന് മാത്രമാകുന്നു) അതുവഴി അവനോട് അടുക്കാനും അവന്റെ മഹത്തായ പ്രതിഫലം നേടാനും ആഗ്രഹിക്കുന്നു. നിങ്ങളിൽനിന്ന് ഞാൻ പ്രതീക്ഷി*

قَالُوا أَنُؤْمِنُ لَكَ وَاتَّبَعَكَ الْأَرْذَلُونَ ۝١١١

111. അവർ പറഞ്ഞു: നിന്നെ പിന്തുടർന്നിട്ടുള്ളത് ഏറ്റവും താഴ്ന്ന ആളുകളായിരിക്കെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയോ?

*111). അവർ അദ്ദേഹത്തിന്റെ ക്ഷണം നിരസിക്കുകയും വികലവാദവുമായി അദ്ദേഹത്തെ എതിർക്കുകയും ചെയ്തു. (അവർ പറഞ്ഞു: നിന്നെ പിന്തുടർന്നിട്ടുള്ളത് ഏറ്റവും താഴ്ന്ന ആളുകളായിരിക്കും. ഞങ്ങൾ നിന്നെ വിശ്വസിക്കുകയോ?) നിങ്ങളെ പിന്തുടരുന്നവർ ജനങ്ങളിൽ ഏറ്റവും താഴ്ന്നവരാണെന്ന് ഞങ്ങൾ കാണുമ്പോൾ എങ്ങനെ ഞങ്ങൾ താങ്കളിൽ വിശ്വസിക്കും? ഇതിൽനിന്നും അവർ സത്യത്തെ സ്വീകരിക്കുന്നതിൽ അഹങ്കാരികളായിരുന്നുവെന്നും വസ്തുതകളെ കുറിച്ച് അജ്ഞരായിരുന്നുവെന്നും മനസ്സിലാക്കാം. സത്യം കണ്ടെത്തുക എന്നതായിരുന്നില്ല അവരുടെ ലക്ഷ്യം. അദ്ദേഹത്തെക്കുറിച്ച് എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടാവുകയാണെങ്കിൽ, അക്കാര്യം വ്യക്തമാക്കിത്തരണമെന്ന് ആവശ്യപ്പെടുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. അതിന്റെ വസ്തുത അറിഞ്ഞാൽ ഞങ്ങൾക്ക് സത്യം സ്വീകരിക്കാമായിരുന്നു എന്നു പറയാം. നൂഹ്നബിയുടെ അനുയായികൾ ഉന്നതരും മനുഷ്യരിൽ ഉത്തമരും ബുദ്ധിയും സ്വഭാവഗുണങ്ങളും ഉള്ളവരാണ് എന്നാണ് അവർക്ക് മനസ്സിലാവുക. ഏറ്റവും ബുദ്ധിശൂന്യരായ നിന്ദ്യർ കല്ലുകളെ ആരാധിക്കുന്നതിൽ കുഴപ്പമില്ലെന്ന് വിശ്വസിക്കുകയും അവയെ ആരാധിക്കുന്നതിലും അവയ്ക്ക് സുജൂദ് ചെയ്യുന്നതിലും തൃപ്തിപ്പെടുന്നവരും പൂർണരായ പ്രവാചകന്മാരുടെ പ്രബോധനത്തിന് കീഴ്പെടാത്തവരുമാണ്. തർക്കിക്കാൻ വേണ്ടി അസത്യമായ വാദങ്ങൾ പറയുക മാത്രമാണ് അവർ ചെയ്യുന്നത്. അവർ ഉന്നയിക്കുന്ന വാദം ശരിയല്ലെന്ന് അവർക്ക് നന്നായി അറിയാം. കാരണം നൂഹ് നബിയുടെ ക്ഷണത്തിന് അവർ നൽകിയ മറുപടി നാം കേട്ടു: (നിന്നെ പിന്തുടർന്നിട്ടുള്ളത് ഏറ്റവും താഴ്ന്ന ആളുകളായിരിക്കെ ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയോ?). ഈ അടിസ്ഥാനത്തിലാണ് അവരുടെ വാദങ്ങൾ നിർമിക്കപ്പെട്ടത്. രണ്ട് എതിരാളികൾ അസത്യത്തിൽ തർക്കിക്കുമ്പോൾ അതിന്റെ നിരർഥകത ആർക്കും മനസ്സിലാകും. അവർ വഴിതെറ്റിയവരും തെറ്റുകാരും തന്നെ എന്ന് നമുക്ക് ബോധ്യമാകും. നൂഹ്നബിയുടെ സത്യതയെ സ്ഥാപിക്കുന്ന തെളിവുകളും ദൃഷ്ടാന്തങ്ങളും നാമാരും നേരിട്ടു കണ്ടില്ലെങ്കിലും അദ്ദേഹം സത്യപ്രവാചകനാണെന്ന് നമുക്ക് ഉറപ്പിച്ചു പറയാനാകും.*




# ആംബുലൻസ് ഡ്രൈവറാകാൻ മോഹം

ഇബ്നു അലി, എടത്തനാട്ടുകര
: 94461 51577

ആംബുലൻസ് ഡ്രൈവറാകണമെന്നതാണ് അവന്റെ ആഗ്രഹം. ക്ലാസിലെ ഒഴിവുസമയത്ത്, അഭിലാഷം എന്താണെന്ന് എഴുതാനുള്ള അവസരം കൊടുത്തതാണ് അധ്യാപിക. തൊട്ടടുത്ത എന്റെ പൂർവവിദ്യാലയത്തിലെ ടീച്ചർ, എന്റെ കുടുംബിനിയുമായി ഇക്കാര്യം പങ്കുവെച്ചപ്പോൾ ഏറെ അത്ഭുതം തോന്നി.

ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ, പൈലറ്റ് തുടങ്ങി നിരവധി മോഹങ്ങൾ കുട്ടികൾ പറഞ്ഞു കേൾക്കാറുണ്ട്. ഇത്തരം ഒന്ന് പതിവില്ല. ഡ്രൈവറാകണമെന്നത് പല ആൺകുട്ടികളുടെയും ആഗ്രഹമായിരിക്കും. സ്റ്റൈലിൽ സ്റ്റിയറിംഗ് പിടിച്ച് വേഗത്തിലോടിച്ച് ഇതര വാഹനങ്ങളെ മറികടന്ന് യാത്രക്കാരെ അതിശയിപ്പിക്കുന്ന ഡ്രൈവർ!

നിരവധി കോഴ്സുകളുടെ റിസൾട്ട് വന്നുകൊണ്ടിരിക്കുന്ന, മത്സര പരീക്ഷകളുടെ റാങ്ക്പട്ടിക പ്രസിദ്ധീകരിക്കുന്ന, അതിലൂടെ വിദ്യാഭ്യാസഭാവിയും ജോലിയും തീരുമാനിക്കുന്ന ഇക്കാലത്ത് അഞ്ചാം ക്ലാസുകാരന്റെ വേറിട്ട താൽപര്യം കണ്ട ടീച്ചർ ബാക്കി കുറിപ്പ് കൂടി വായിച്ചു. രോഗികളെ സഹായിക്കാൻ എന്നായിരുന്നു വിശദീകരണം.

എന്നാൽ അതിനപ്പുറം എന്തൊക്കെയോ ഉണ്ട് എന്ന തോന്നലിൽ ടീച്ചർ അവനെ അടുത്ത് വിളിച്ചു. കൂലിപ്പണികൊണ്ട് ജീവിക്കുന്ന കുടുംബത്തിലെ ഒരു സാധാരണ കുട്ടിയാണ് അവൻ.

എന്തുകൊണ്ട് ആംബുലൻസ് ഡ്രൈവർ എന്ന ചോദ്യത്തിന് മുമ്പിൽ അവൻ കുറച്ചുനേരം നിശ്ശബ്ദനായി. പിന്നെ പതുക്കെ പറഞ്ഞു തുടങ്ങി:

'ടീച്ചറേ, എന്റെ വല്ല്യുമ്മാക്ക് പെട്ടെന്ന് അസുഖം കൂടുതലായി. ആംബുലൻസിന് വിളിച്ചു. പക്ഷേ, വണ്ടി എത്താൻ കുറച്ച് വൈകി. വീട്ടിൽനിന്ന് നാലഞ്ചു കിലോമീറ്റർ പോയപ്പോഴേക്കും വാഹനത്തിൽ വെച്ച് വല്ല്യുമ്മ മരിച്ചു. വാഹനം നേരത്തെ വന്നിരുന്നെങ്കിൽ, അവരെ ആശുപത്രിയിൽ എത്തിച്ചിരുടന്നെങ്കിൽ എന്റെ വല്ല്യുമ്മ മരിക്കില്ലായിരുന്നു...അല്ലേ ടീച്ചറേ...? എനിക്ക് എന്റെ വല്ല്യുമ്മാനെ വലിയ ഇഷ്ടമായിരുന്നു...'

ഇത്രയും പറഞ്ഞപ്പോഴേക്കും അവന്റെ കണ്ണുകൾ നിറയാൻ തുടങ്ങിയിരുന്നു.

ടീച്ചർ അവനെ തലോടി. ആശ്വസിപ്പിച്ചു: 'സാരമില്ല, ഓരോരുത്തരും മരിക്കുന്ന സമയം പടച്ചവൻ നേരത്തെ കണക്കാക്കി വെച്ചിട്ടുണ്ട്. ആ സമയം എത്തിയാൽ പോകാതിരിക്കാൻ പറ്റില്ലല്ലോ. വല്ല്യുമ്മാക്ക് വേണ്ടി മോന് പ്രാർഥിക്കാമല്ലോ. ആംബുലൻസ് ഡ്രൈവറാകുക എന്നത് ആളുകളെ സഹായിക്കാൻ പറ്റുന്ന നല്ല മാർഗമാണ്. അതിനെക്കാൾ കൂടുതൽ ആളുകളെ സഹായിക്കാൻ കഴിയുന്ന വേറെയും ജോലികൾ കുറെയുണ്ട്. മോൻ നന്നായി പഠിക്കണം. എന്നിട്ട് മികച്ച ജോലി നേടണം. അങ്ങനെ വീട്ടുകാരെയും നാട്ടുകാരെയും സഹായിക്കണം...'

ടീച്ചറുടെ വാക്കുകൾ അവന്റെ കുഞ്ഞുമനസ്സിന് സമാധാനം പകർന്നു. നിറകണ്ണുകളോടെ അവൻ തിരികെ സീറ്റിലേക്ക് മടങ്ങുമ്പോൾ, കണ്ണുകൾ നിറയാതിരിക്കാൻ ടീച്ചർ നന്നെ പാടുപെട്ടു.

കുട്ടിക്കുറ്റവാളികൾ വർധിച്ചു വരുന്ന കാലത്ത് പ്രതീക്ഷയുടെ പൊൻകിരണങ്ങളാണ് നിഷ്കളങ്ക മനസ്സുള്ള ഇത്തരം കുട്ടികൾ. അവരെ ലക്ഷ്യബോധമുള്ളവരാക്കി വളർത്തലും പ്രോൽസാഹിപ്പിക്കലും രക്ഷിതാക്കളുടെയും അധ്യാപകരുടെയും ഉത്തരവാദിത്തമാണ്. ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM **students**

**To the Right Goal..**
**Through the Right Path..**

# 30th

WISDOM

# PROFCON

## PROFESSIONAL STUDENTS GLOBAL CONFERENCE

2026
SEPT **11** **12** **13**

# PALAKKAD

SCAN **TO REGISTER**

www.**profcon.in**

Wisdom Islamic Students Organization
CV Complex, PV Swami Road, Calicut-2

+91 8156 812 292
wisdomstudents

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 25 July 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM
ISLAMIC ORGANIZATION

هيئة الحكمة للتعليم والتربية الإسلامية
WISDOM EDUCATION BOARD

# മദ്റസ മാനേജ്മെന്റ് കോൺഫറൻസ്

2026 ഓഗസ്റ്റ് 02 ഞായർ
8:30 am - 3:30 pm

നളന്ദ ഓഡിറ്റോറിയം
കോഴിക്കോട്



Wisdom Education Board
CV Complex, PV Swami Road, Kozhikode-2